നം.കെഎസ്എ-കെടിഎം.പി.10/1130/2017 തീയതി : 14.08.2017

# കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർ

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്ര ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 27.06.2017 തീയതി വരെ വിവ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പ പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളില പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്ത മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്ത അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപ നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| | |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 04.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സാബു സി ജോർജ് | ഓഡിറ്റ് ഒാഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സുനിത.എം.എസ് | അസിസ്റ്റന്റ് ഒാഡിറ്റ് ഒാഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയകുമാരി അമ്മ | സീനിയർ ഗ്രേഡ് ഒാഡിറ്റർ |
| | ശ്രീ.ജോർജുകുട്ടി ജോസഫ് | ഒാഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സണ്ണി മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ഡി. അനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ജിജിമോൾ പി കുര്യൻ | 01.04.2016 മുതൽ31.03.2017വരെ |
| അസി.സെക്രട്ടറി | ശ്രീമതി ലിറ്റി തോമസ് | 01.04.2016 മുതൽ31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജീവ് എസ്.എ | 01.04.2016 മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.റ്റെസി മാത്യു | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീമതി സബിത കെ ദിവാകരൻ | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| | ശ്രീമതി മായ ആർ. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജി.രാജു | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അനുബാല | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി അമിതാമോൾ പി. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ജാകചലിൻ<br>ഡോ.ഷീജാ അഷറഫ് | 01.04.2016 മുതൽ 21.08.2016വരെ<br>22.08.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയകുമാരി പി ബി | 01.04.16 മുതൽ 31.03.2017വരെ |

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 – പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |

| | |
|---|---|
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാർഷിക ധനകാര്യപത്രികകളുടെ അവലോകനവും വിശകലനവും |
| 2-2 | മാനുവൽ രസീതിന്റെ ഉപയോഗം തൃപ്തികരമല്ല |
| 2-3 | കാലാവധി കഴിഞ്ഞ ചെക്ക് റദ്ദുചെയ്തിട്ടില്ല |
| 2-4 | യോഗനടപടിക്രമങ്ങളുടെ മിനിറ്റ്സ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയപരിധി പാലിച്ചിട്ടില്ല |
| 2-5-1 | വസ്തു നികുതി – ഭീമമായ കുടിശ്ശിക അവശേഷിക്കുന്നു |
| 2-5-2(1) | ഓഡിറ്റ് ഇംപാക്ട് – ക്രമവൽക്കരണ ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി |
| 2-5-2(2) | ഒരേ കെട്ടിടത്തിന് വ്യത്യസ്തമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നൽകി നികുതി നിർണ്ണയിച്ചു |
| 2-5-3 | വസ്തുനികുതി നിർണ്ണയത്തിന് മുൻപ് അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല |
| 2-5-4 | സേവന ഉപനികുതി നോട്ടിഫിക്കേഷനിലൂടെ പ്രാബല്യത്തിൽ വരുത്താതെ ഈടാക്കുന്നത് നിയമവിരുദ്ധം |
| 2-5-5 | പെർമിറ്റ് നം.സി.3/1389/16 പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത |

| | |
|---|---|
| 2-5-6 | ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ നിരവധി കെട്ടിടങ്ങൾ – വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടും ഈടാക്കിയിട്ടില്ല |
| 2-5-7 | മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു |
| 2-5-8 | പാരാമിലിട്ടറി വിഭാഗക്കാർക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി |
| 2-5-9 | വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2-5-10 | സർഗ്ഗക്ഷേത്ര ഫൈൻ ആർട്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടും കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-5-11 | യു.എ.രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 2-6-1 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 2-6-2 | കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 2-7-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-7-2 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-7-3 | സ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2-8-1 | ഡി & ഒ ലൈസൻസ് |

| | |
|---|---|
| 2-8-2 | ഡി & ഒ ലൈസൻസ് – സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| **ഭാഗം 3 – ചെലവുകണക്കുകളിന്മേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കലും പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കലും – പാഴ്ചെലവ് |
| 3-2 | കോടതി വ്യവഹാരചെലവുകൾ – വിശദാംശങ്ങൾ ലഭ്യമല്ല |
| 3-3 | റവന്യൂ റീഫണ്ട് ബിൽ തയ്യാറാക്കാതെ റവന്യൂ റീഫണ്ട് അനുവദിച്ചു – ക്രമവിരുദ്ധം |
| 3-4 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല |
| 3-5 | പാറയിൽ അങ്കണവാടി നിർമ്മാണം ഫലപ്രാപ്തിയിലെത്തിയിട്ടില്ല |
| 3-6 | ഇ-ടെൻഡർ – ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചില്ല |
| 3-7 | ആയുർവേദാശുപത്രി അറ്റകുറ്റപ്പണികൾ – പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല |
| 3-8 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – ഇടപാടുകളിൽ സുതാര്യത ഇല്ല |
| 3-9 | ഫർണിച്ചർ വാങ്ങിയത് – ഉപയോഗയോഗ്യമാക്കിയിട്ടില്ല |
| 3-10 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-11 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-12 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല |

| | |
|---|---|
| 3-13 | മരുന്നു വാങ്ങൽ – തുക നൽകി – മരുന്നു ലഭ്യമായിട്ടില്ല |
| 3-14 | സ്ഥലപരിശോധനാ വിവരം |
| 3-15 | ആശ്രയ ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല |
| 3-16 | വിനിയോഗവിവരം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു |
| 3-17 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ – രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3-18 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ – നിർവ്വഹണത്തിൽ അപാകതകൾ |
| 3-19 | തെരുവു വിളക്കുകൾ ഉപകരണങ്ങൾ വാങ്ങൽ – നടപടിക്രമങ്ങൾ സുതാര്യമല്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഒാഡിറ്റ് സാക്ഷ്യപത്രം |

| | |
|---|---|
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 31.03.2017 ൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1. ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 03.03.2016 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 46668350 |
| വരവ് | 133729694 |
| ആകെ | 180398044 |
| ചെലവ് | 155964000 |
| നീക്കിയിരിപ്പ് | 24434044 |

ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ അനുശാസിച്ചിട്ട നിയമാനുസൃത മുന്നൊരുക്ക നടപടികളും സമയപരിധിയും പാലിച്ചിട്ടില്ല. നിയമാനുസൃത നടപടിക സമയപരിധിയും പാലിച്ച് ബജറ്റ് വാസ്തവികമായ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2. വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 15.06.2017-ൽ ഓഡിറ്റിനായി സമർപ്പിച്ചു.

## 1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗ റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമ ചേർത്തിരിക്കുന്നു.

## 1-4. സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23640802.99 |
| വരവ് | 69094868 |
| ആകെ | 92735670.99 |
| ചെലവ് | 53937411 |
| നീക്കിയിരിപ്പ് | 38798259.99 |

## 1-5. ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15515892 | 15515892 | 13875545 | 1640347 | 89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4238109 | 4238109 | 3387869 | 850240 | 80 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 191616 | 191616 | 0 | 191616 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4691055 | 4691055 | 2938335 | 1752720 | 62.6 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4228557 | 4228557 | 3315344 | 913213 | 78 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8701409 | 8701409 | 5068229 | 3633180 | 58 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5634966 | 5634966 | 1636400 | 3998566 | 29 |
| MNREGS | 3067 | 12442028 | 12445095 | 12435739 | 9356 | 99.92 |
| ബി ഫണ്ട് | 0 | 36769695 | 36769695 | 36769695 | 0 | 100 |
| മറ്റുള്ളവ (നെൽകൃഷി ബോണസ്) | | 400000 | 400000 | 400000 | | |

## 1-6 പദ്ധതി അവലോകനം

<u>പദ്ധതിരൂപീകരണം</u>

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 2/16-ൽ യോഗം ചേർന്ന് കരട് പ്രോ നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 2016 മാർച്ച് മാസത്തിൽ പദ്ധതി രൂപീകരണവുമായി ബന്ധ ഗ്രാമസഭകൾ കൂടുകയുണ്ടായി. 25.6.16-ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച െ 25.10.16-ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായ പ്രോജക്ടുകൾ തീരുമാനിയ്ക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും കൂടുകയുണ്ടായി. 19-08-16ലെ 1(1) ന തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി

## <u>ഗ്രാമസഭകളുടെ പ്രവർത്തനം</u>

ഗ്രാമപഞ്ചായത്തിലെ 2016-17 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. കേ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാ പഞ്ചായത്തിലെ 21 വാർഡുകളിലും ആഗസ്റ്റ്, നവംബർ എന്നിങ്ങനെ 2 മാസങ്ങളിൽ മാത്രമാണ് ഗ്രാമ യോഗം ചേർന്നിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | യോഗം ചേർന്ന തീയതി |
|---|---|---|
| 1 | 2 | 6.8.16 |
| | | 12.11.16 |
| 2 | 5 | 2.8.16 |
| | | 13.11.16 |
| 3 | 6 | 7.8.16 |
| | | 6.11.16 |
| 4 | 14 | 14.8.16 |
| | | 20.11.16 |

ബഡ്ജറ്റ് നിർദ്ദേശങ്ങൾ, പദ്ധതി നിർദ്ദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ച ചെയ്യതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാന യോഗങ്ങൾ മാത്രമാകുന്നു.

ഗ്രാമസഭ കൃത്യമായി നടത്തുന്നതിനും (മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങള പങ്കാളിത്തം ഉറപ്പാക്കുന്നതിനും, ക്വാറം തികയുന്നതിനാവശ്യമായ നടപടികൾ പഞ്ചായ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥർ, വി ഇ ഒ എന്നിവ ഗ്രാമസഭാ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേ പദ്ധതികളുടേയും വികസന പദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗ നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

<u>പദ്ധതിഅംഗീകാരം</u>

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് 19-8-16-ലെ 1-ാം നമ്പർ തീരുമാനപ്രക ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 3.9.16-ലെ 490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം ന അന്തിമനടപടി ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആ 90072925/- രൂപ അടങ്കൽ വകയിരുത്തിയിരുന്ന വാർഷികപദ്ധതി പ്രകാരം 23 സ്പിൽ ഓ പ്രോജക്ടുകളുൾപ്പെടെ ആകെ 156 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

<u>പദ്ധതിനിർവ്വഹണം</u>

അഗീകാരം കിട്ടിയ 156 പ്രോജക്ടുകളിൽ 17 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 101 പ്രോജക്ടു തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വാർഷികപദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെലവ്ശതമാനം |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 17578892 | 13875545 | 78.93 |
| എസ്.സി.പി | 5438109 | 3387869 | 62.29 |

| | | | |
|---|---|---|---|
| റ്റി.എസ്.പി | 191616 | 0 | 0 |
| ധനകാര്യക്കമ്മീഷൻഗ്രാന്റ് | 8701409 | 5068229 | 58.24 |
| ലോകബാങ്ക് ധനസഹായം | 5634966 | 1636400 | 29.04 |
| കേന്ദ്രാവിഷ്കൃഫണ്ട് | 4726500 | 1324000 | 28.01 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 0 | 0 | 0 |
| തനതുഫണ്ട് | 11151793 | 5012178 | 44.94 |
| ബ്ലോക്ക് വിഹിതം | 964840 | 741520 | 76.85 |
| ജില്ലാ പഞ്ചായത്ത് | 211550 | 55250 | 26.12 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 46191055 | 2938335 | 62.63 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5098689 | 3315344 | 65.02 |
| മറ്റുള്ളവ | 24483506 | 448060 | 1.83 |
| **ആകെ** | **90072925** | **37802730** | **41.96** |

2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 41.96% മാത്രമേ തൻവർ ചെലവഴിക്കാനായിട്ടുള്ളൂ. ലോക ബാങ്ക് ധനസഹായം, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ വളരെക്കു ചെലവായതും, തനതുഫണ്ടിൽനിന്നുള്ള അടങ്കൽതുക വലുതായി കാണിച്ചതും അടങ്കല് അടിസ്ഥാനമാക്കുമ്പോൾ ചെലവുശതമാനം കുറയുന്നതിനിടയായി.

<u>വാർഷിക പദ്ധതി – നേട്ടങ്ങളും കോട്ടങ്ങളും</u>

കാർഷികമേഖലയിൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചിട്ടു പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും പ്രോജക്ടുകൾ നടപ്പാക്കിയിട്ടു

ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചിട്ടു പ്രാഥമികാരോഗ്യകേന്ദ്രം മുഖേനയുള്ള പാലിയേറ്റീവ് പരിചരണം നടത്തി വരുന്നു. പശ്ചാത്തലമേഖലയ നിരവധി റോഡുകളുടെ കോൺക്രീറ്റിംഗ് നടത്തി. മൃഗ–പക്ഷി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പാൽ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മുട്ടക്കോഴിവിതരണം, ക്ഷീരകർഷകർക്ക് പാലിന് സബ്സ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

എന്നാൽ സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടത്ര പരിഗണന നൽകിയിട്ട പാറയിൽ അങ്കണവാടി കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ചു എങ്കിലും ഭൗതിക ലക കൈവരിക്കാനായിട്ടില്ല. ഐ എസ് ഒ സർട്ടിഫിക്കേഷനു വേണ്ടി 3 ലക്ഷം വകയിരുത്തിയെങ്കി പദ്ധതിയ്ക്കായി പ്രാരംഭനടപടികൾ പോലും സ്വീകരിച്ചിട്ടില്ല. പൊതു ശ്മശാനത്തിന് സ്ഥലം, പ്ളാസ്റ്റിക് സൈക്ളിംഗ് യൂണിറ്റ് തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളൊന്നും നടപ്പാക്കാനായില്ല

## 12-ാം പഞ്ചവൽസരപദ്ധതി - അവലോകനം

പഞ്ചായത്തിന്റെ പന്ത്രണ്ടാം പദ്ധതിക്കാലയളവിലെ വികസനഫണ്ടിന്റെ വകയിരുത്തൽ, ചെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ വികസനഫണ്ട് | ചെലവ് | ശതമാനം |
|---|---|---|---|
| 2012-13 | 27130962 | 18943714 | 69.8 |
| 2013-14 | 32818331 | 24822659 | 75.6 |
| 2014-15 | 39801908 | 25286625 | 63.53 |
| 2015-16 | 36756759 | 28479400 | 77.48 |
| 2016-17 | 37544992 | 23968043 | 63.83 |

2012-13 മുതൽ 2016-17 വരെയുള്ള എല്ലാ വാർഷികപദ്ധതികളിലും കാർഷികോത്പ്പാദനവർദ്ധ ലക്ഷ്യമാക്കി മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളും നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയ ധാരാളം പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കി. തരിശുനിലങ്ങൾ ഭാഗികമായി കൃഷിയോഗ്യമാക്കാ കഴിഞ്ഞു. കാലിത്തൊഴുത്ത് നിർമ്മാണം, സമഗ്ര പുരയിട കൃഷി തുടങ്ങിയ പ്രോജക്ടുകൾ ഏറ്റെടു

നടപ്പിലാക്കി. കന്നുകുട്ടിപരിപാലനപദ്ധതി 12-ാം പദ്ധതിയിൽ ക്ഷീരോത്പ്പാദനമേഖലയുടെ വളർച്ച തുടക്കമിട്ടു.

മാനവവികസനം, ജീവിതഗുണനിലാരം ഉയർത്തൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ദാര നിർമ്മാർജ്ജനത്തിനും ആരോഗ്യസംരക്ഷണത്തിനും മുൻഗണന നൽകി സേവനമേഖലയി പശ്ചാത്തലമേഖലയിലും നിരവധി പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും ലക്ഷ്യങ്ങൾ പൂർണ്ണമാ സാക്ഷാത്ക്കരിക്കാനായിട്ടില്ല. പശ്ചാത്തല മേഖലയിൽ വിവിധ വാർഡുകളിലായി 250 ഓളം റോഡുകളും ഓളം നടപ്പാതകളും സഞ്ചാര യോഗ്യമാക്കുന്നതിനും പ്രധാന റോഡുകളിൽ വഴി വിളക്കു സ്ഥാപിക്കുന്നതിനും കഴിഞ്ഞു. 90% കുടുംബങ്ങളിലും സാനിട്ടേഷൻ പദ്ധതി പ്രകാരം കക്കൂസു നിർമ്മിച്ചു നല്കാൻ കഴിഞ്ഞു. ഭവന നിർമ്മാണപദ്ധതികളുടെ വിജയകരമായ പൂർത്തീകരണം, ആരോ ശുചിത്വ മേഖലയിലെ നിലവാരമുള്ള പ്രവർത്തനങ്ങളും വിജയകരമായി ഏറ്റെടുത്തു നടപ്പിലാക്കി. എങ്കി ഭൂരഹിതർക്കു സ്ഥലം വാങ്ങൽ, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ എന ലക്ഷ്യം കണ്ടെത്താനായിട്ടില്ല. കൂടാതെ മത്സ്യ മാംസ മാർക്കറ്റ്, ഖരമാലിന്യ സംസ്ക്കരണ പ്ലാ പഞ്ചായത്തു വക പൊതു ശ്മശാനം എന്നീ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ 12-ാം പഞ്ചവ പദ്ധതിക്ക് കഴിഞ്ഞിട്ടില്ല.

നിയമപ്രകാരം പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ലഭിക്കേണ്ട സേവന കൃത്യതയോടെയും സമയബന്ധിതമായും ലഭിക്കുന്നതിനു സേവനപ്രദാന സംവിധാനങ്ങളുടെ കാര്യക്ഷ വർദ്ധിപ്പിക്കുന്നതിനായി ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഫലപ്രദമായ കമ്പ്യ നെറ്റ് വർക്കിംഗ് സംവിധാനത്തിലൂടെയും അക്കൗണ്ട് ട്രാൻസ്ഫർവഴിയും ക്ഷേമപദ്ധതി ആനുകൂല്യങ്ങ വിതരണം സുതാര്യമാക്കുന്നതിനും സാധിച്ചത് പന്ത്രണ്ടാം പദ്ധതിയുടെ വലിയ നേട്ടമാണ്.

സാമൂഹ്യനീതി ലക്ഷ്യമാക്കി വൃദ്ധർ, വികലാംഗർ, സാമ്പത്തികമായും സാമൂഹ്യമായും പിന്നോ നിൽക്കുന്നവർ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രോജക്ടുകൾ എല്ലാ വാർഷികപദ്ധതികളി ഉൾപ്പെടുത്തിയിരുന്നു.

## <u>വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവം</u>

2012-17 പദ്ധതിക്കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഓരോ സാമ്പത്തികവർഷവും പന്ത്ര വിഷയമേഖലകളിലായി പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ അ പൊതുയോഗത്തിൽത്തന്നെ സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുന്നതിന

പ്രാഥമികചർച്ച നടത്തി പ്രവർത്തനപരിപാടിയ്ക്ക് രൂപം നൽകേണ്ടതാണ്. തുടർന്ന് വർക്കിംഗ് ഗ്രൂപ്പു
നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശ
നൽകേണ്ടതാണ്. അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതും വർക്ക
ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏറെക്ക
നിർജ്ജീവാവസ്ഥയിലാണ്. മിനിറ്റ്സ് പരിശോധിച്ചതിൽ ഓരോ സാമ്പത്തികവർഷവും രണ്ടു ത
മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത് എന്ന് കാണുന്നു. ഇത് പദ്ധതിമാർഗ്ഗരേഖയി
നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

**<u>മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല</u>**.

അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടത് അതതു വിഷയമേഖലകളി
വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥ
ഭരണസമിതിയ്ക്കും നൽകിയിട്ടില്ലാത്തതിനാൽ പ്രോജക്റ്റ് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോ
സൂക്ഷിച്ചിട്ടില്ല. കൂടാതെ നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്റ്റ് പൂർത്തീകരണ പത്രവും, സൂക്ഷിച്ചിട്ടി
ആയതിനാൽ ഓരോ പ്രോജക്റ്റ് നിർവ്വഹണത്തിലൂടെയും കൈവരിച്ച ആസ്തി അടിസ്ഥാനത്തിലുള്ള ഭൗ
നേട്ടവും, ഫലപ്രാപ്തിയും പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ പ്രോ
ഫയലുകളിൽ സൂക്ഷിക്കേണ്ടതും മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-7 തനതു വരുമാനം

ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യ പത്രിക പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന്
സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്ന
മുൻവർഷം നികുതി, നികുതിയേതര ഇനങ്ങളിലുള്ള തുകകൾ വർഗീകരിച്ചതിന്റെ കൃ
വ്യക്തമല്ലാത്തതിനാലും കണക്കുകൾ സൂക്ഷിപ്പിലെ മറ്റ് ന്യൂനതകൾ മൂലവും തനത് വരുമാനത്തിൽ
ലക്ഷം രൂപയിലധികം വർദ്ധനവ് കണക്കാക്കിയതിന്റെ കൃത്യത ഓഡിറ്റിൽ അപഗ്രഥിച്ച് ബോദ്ധ്യപ്പെട
സാധിച്ചിട്ടില്ല.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 7088949 | 13793341 | (+)6704392 | (+)94 |
| നികുതിയേതര വരവുകൾ | 1893118 | 4413226 | (+)2520108 | (+)133 |
| മറ്റു വരവുകൾ | 502136 | 397965 | (-)104171 | (-)21 |
| ആകെ | 9484203 | 18604532 | (+)9120329 | (+)96 |

## 1-8. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 130320 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 6691720 | 749 |
| വിധവാപെൻഷൻ | 10258075 | 897 |
| വാർദ്ധക്യകാലപെൻഷൻ | 16378990 | 1793 |
| വികലാംഗപെൻഷൻ | 3080590 | 328 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 230000 | 08 |

## 1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 03.7.2017 തീയതിയിൽ 3.15പി.എം.-ന് കാഷ്യർ ശ്രീ.ഹാഷിം എ-യുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ട

പരിശോധനയിൽ 6699/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന/അനുബ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, ജോലി വിഭജനം, ഫയലുകളുടെ സൂക്ഷിപ്പ്, ആഭ്യന്തര നിയന്ത്ര സംവിധാനത്തിന്റെ കാര്യക്ഷമത, മേൽനോട്ട സംവിധാനം എന്നിവ വിലയിരുത്തിയതിൽ ഇക്കാര്യത്ത ഗ്രാമ പഞ്ചായത്തിലെ സ്ഥിതി തികച്ചും ശോചനീയമാണെന്ന് കാണുന്നു. ആഭ്യന്തര നിയന്ത്ര സംവിധാനത്തിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുള്ള ചില സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആവർത്തനചെലവുകളുടേയും കണ്ടിൻജന്റ് ചെലവുകളുടേയും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വർഷങ്ങൾക്ക് മുമ്പ് നിശ്ചയിക്കപ്പെട്ടിട്ടുള്ള താരിഫിന്റെ അടിസ്ഥാനത്തിൽ (താരിഫ്-8 ബി,ഫേസ് എല്ലാ മാസവും വൈദ്യുതി ഉപഭോഗം 28874 യൂണിറ്റ് എന്ന് കണക്കാക്കി വൈദ്യുതി ബോർഡിൽ നിി ലഭിക്കുന്ന ബിൽ പ്രകാരം തുക ഒടുക്കി വരുന്നു (ശരാശരി-1.30 ലക്ഷം രൂപ).

വൈദ്യുതി പോസ്റ്റുകളിൽ നിലവിൽ സാധാരണ ബൾബുകളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ലാത്തതിന യഥാർത്ഥ വൈദ്യുതി ഉപഭോഗം കണക്കാക്കാതെ തുക ഒടുക്കുന്നത് മൂലം പഞ്ചായത്തിന് എല്ലാ മാസ പാഴ്ച്ചെലവ് ഉണ്ടാകുന്നു. ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടില്ല.

3. 278 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മാസം തോറും 121625/-രൂപ വാട്ടർ അതോറിറ്റിയ ഒടുക്കി വരുന്നു. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോ നടത്താത്തതിനാൽ ഇതിന്റെ കൃത്യതയും വ്യക്തമല്ല. ഒരു ടാപ്പിന്റെ പ്രതിവർഷ വെള്ളക്കര നിി 5250/- രൂപ ആകയാൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പിന്റെ വെള്ളക്കരം ഇനത്തിലും പാഴ്ച്ചെ ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാണ്.

4. ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ സംബന്ധിച്ചുള്ള യാതൊരു വിവരങ്ങ സിവിൽ സ്യൂട്ട് രജിസ്റ്ററിൽ നിന്നും ലഭ്യമാവുന്നില്ല. ഗ്രാമ പഞ്ചായത്ത് ഫയൽ ചെയ്തിട്ടുള്ള കേസുകള വിവരം, പ്രതിരോധിക്കുന്ന കേസുകളുടെ വിവരം, കേസ് ഫയൽ ചെയ്യപ്പെട്ട സാഹചര്യം, സംബന്ധമായ ചെലവുകൾ, കാലിക സ്ഥിതി വിവരം തുടങ്ങിയ അതിപ്രധാന വിവരങ്ങൾ ലഭ്യമല്ല. കേ ഫയലുകൾ (കോടതിയിൽ നൽകിയ രേഖകളുടെ പകർപ്പുകൾ ,പെറ്റീഷൻ, ഇടക്കാല വിധി ഉത്തരവു

മുതലായവ) ലഭ്യമല്ലാത്തതിനാൽ ഇത് സംബന്ധമായി വിവരങ്ങൾ ലഭ്യമല്ലാത്ത സ്ഥ ഒഴിവാക്കേണ്ടതാണ്.

5. പഞ്ചായത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരം സ്ഥിരമായി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ വിവിധ വാല്യങ്ങളായി സ്ഥിരമ സൂക്ഷിക്കേണ്ടതും സെക്രട്ടറിമാർ ചാർജ് കൈയൊഴിയുമ്പോഴും ഏറ്റെടുക്കുമ്പോഴും രേഖാമ കൈമാറേണ്ടതുമാണ്.ഓഫീസിലെ ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകുകയോ ഇതിനായി പ്രത്യേ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

6. പല ഫയലുകളിലും കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ കുറിപ്പുകൾ രേഖപ്പെടുത്തുക മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ റിമാർക്സ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പല വിഷയങ്ങളി സെക്രട്ടറി തന്നെ കുറിപ്പുകൾ രേഖപ്പെടുത്തി തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കാണു വസ്തുനികുതി അസസ്സ്മെന്റ് ഫയലിൽ സൈറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവ രേഖപ്പെടുത്തിയിട്ടുള്ളതായോ കംപ്ലീഷൻ പ്ലാൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധനയ വിധേയമാക്കിയിട്ടുള്ളതായോ കാണുന്നില്ല. പെർമിറ്റിൽ നിന്നും വ്യതിചലനം ഉണ്ടാകുന്ന കേസുകള റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിൽ വീഴ്ച്ച ഉണ്ടായതായും കാണുന്നു. മാത്രമല്ല ഒക്കുപ്പൻ സർട്ടിഫിക്കറ്റ് നൽകാതെ തന്നെ വസ്തുനികുതി അസസ്മെന്റ് നടത്തുന്നതായും ഭാഗികമ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിരക്ക വസ്തുനികുതി ചുമത്തിയതായും കാണുന്നു.

മേൽസൂചിപ്പിച്ചത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയുടെ ചില ഉദാഹരണ മാത്രമാണ്. ഈ സ്ഥിതിവിശേഷം സ്ഥാപനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങളെയും ആയതിന സുതാര്യതയെയും മോശമായി ബാധിക്കുമെന്നതിനാൽ പരിഹാര നടപടികൾ സ്വീകരിച്ച് വിവ അറിയിക്കേണ്ടതും ആവശ്യമായ വിശദീകരണം നൽകേണ്ടതുമാണ്.

## 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.05.2017 & 07.05.2017 | 1/2017 മുതൽ 3/2017വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.6.2016 മുതൽ 23.6.2016 വരെ | 2011-12 മുതൽ 2015-16 വരെ | 31.08.2016 |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക ധനകാര്യപത്രികകളുടെ അവലോകനവും വിശകലനവും

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ ഭാഗമ റസീപ്റ്റ്സ് ആന്റ് പേയ്മന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 2,36,40,802.99/- രൂപ തൻവർഷവരവ് 6,90,94,868/- രൂപയും തൻവർഷത്തെ ചെലവ് 5,39,37,411/- രൂപയും വർഷാവസാനബാ 3,87,98,259.99/- രൂപയുമാണ്(അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് മാത്രം.കാഷ് ബാലൻസ് ഇല്ല). തൻവർഷ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം 10,59,73,355/- രൂപയും ആ ചെലവ് 9,76,49,359/- രൂപയുമാണ്. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ (Prior Period Items) അധ വരുമാനമായി കണക്കാക്കിയ 57,53,757/- രൂപ ഉൾപ്പടെയുള്ള പ്രവർത്തന മിച്ചം 1,40,77,753/- രൂപയുമാണ്. 2017 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 8,70,65,243.99/- രൂപയും ജനറൽ ഫണ്ട് ഒഴികെയ ബാധ്യത 4,53,92,309/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 4,16,72,934.99/- രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യസ്റ്റേറ്റ്മെന്റു ഓഡിറ്റിൽ വിശകലനം ചെയ്തതിലും പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കു

1-വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 12-06-2017 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം വാർഷിക ധനകാര്യപത്ര അംഗീകരിച്ചിട്ടുണ്ടെങ്കിലും മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോ ധനകാര്യ വിശകല നടത്തുകയോ ചെയ്തിട്ടില്ല.

2-അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കുകയോ പിന്തുടർന്ന അക്കൗണ്ടിംഗ് പോളിസികള വിവരം, സ്ഥിരീകരിക്കാത്ത സ്റ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം എന്നിവ വെളിപ്പെടുത്തുക ചെയ്തിട്ടില്ല.

3-വസ്തു നികുതി ഇനത്തിലും മറ്റും കുടിശ്ശികയായി ചേർത്തിട്ടുള്ള തുകയിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത നിയമപരമായ തർക്കങ്ങളിൽപെട്ട് കിടക്കുന്നതുമായ തുകയും ഉൾപ്പെടുന്നുണ്ട്. ഇത്തരം Doubtful Receiva കൾക്ക് അക്കൗണ്ട് മാനുവലിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്ത പ്രൊവിഷൻ നൽകിയിട്ടില്ല. പ്രൊവിഷൻ നൽകുന്നതിന്റെ അടിസ്ഥാനം കിട്ടാനുള്ള തുകകള കാലപ്പഴക്കമാണ്. എന്നാൽ വസ്തുനികുതിയുടേയും മറ്റും കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യ

4-വസ്തുനികുതി ഇനത്തിലും മറ്റും ഡിമാന്റിന്റെ അടിസ്ഥാനത്തിലല്ലാതെ ലഭിച്ച തുക Prior Period In ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അധികമായി ചേർത്ത 57,53,757/- രൂപയുടെ കൃത്യത വ്യക്തമല്ല.

5-പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക മെയിന്റനേ ഗ്രാന്റ് – റോഡിതര വിഭാഗത്തിൽ നിന്നും പ്രോജക്ട് പ്രകാരം പിൻവലിച്ച് റീഇംബേഴ്സ് ചെയ്തിട്ടുണ്ട്. ത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകകൾ ഷെഡ്യൂൾ I-12(b)യിൽ (Operations and Maintenance) എന്നതി പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക ഷെഡ്യൂൾ I-14(c)യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരേ ഇനത്ത ചെലവ് കാണിച്ചിട്ടുള്ളതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

6-ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ പൂർത്തിയായിട്ടില്ല. ആയതിനാൽ സ ആസ്തികളിന്മേൽ ഡിപ്രീസിയേഷൻ നൽകിയിന്റെ കൃത്യത വ്യക്തമല്ല. ആകെ ആസ്തിമൂല്യമ കണക്കാക്കിയിട്ടുള്ള തുക അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പ് ആയ 3.87 കോടി രൂപ ഉൾ 8.7 കോടി രൂപ മാത്രമാണ്. തൻവർഷത്തെ ആകെ വരുമാനമായി കാണിച്ചിട്ടുള്ള തുക 10.59 കോടി രൂപയാ നാളിതുവരെയുള്ള ആസ്തിമൂല്യമായി കണക്കാക്കപ്പെട്ടിട്ടുള്ള തുക ഒരു വർഷത്തെ വരുമാനത്തേക്ക കുറവാണെന്നത് ക്രോഡീകരിക്കപ്പെട്ട ധനകാര്യപത്രിക ശരിയായ ധനകാര്യസ്ഥി പ്രതിഫലിപ്പിക്കുന്നില്ലയെന്നതിന്റെ തെളിവാണ്. ആയതിനാൽ തന്നെ കണക്കാക്കപ്പെട്ട ജനറൽ ഫ പൊസിഷൻ അന്തിമമല്ല.

വാർഷിക ധനകാര്യ പത്രികയിന്മേലുള്ള വിശദമായ ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള ഓ സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുള്ളത് കൂടി കാണുക.

## 2-2 മാനുവൽ രസീതിന്റെ ഉപയോഗം തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്തിൽ ഔട്ട്ഡോർ കളക്ഷനു വേണ്ടി ഉപയോഗിക്കുന്ന മാനുവൽ രസീതുകളുടെ സൂക്ഷി കൈകാര്യം ചെയ്യലും തൃപ്തികരമല്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 20( അനുസരിച്ച് കയ്യെഴുത്തു സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസൽ ഓഫീസ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. ചട്ടം 11(4) പ്രക രസീതുകളിലെ തുകകളിൽ തിരുത്തലുകളോ,മാറ്റങ്ങളോ വരുത്താൻ പാടില്ലാത്തതും തെറ്റു സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദു ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 9.5.17 തീയതി 14291 ന രസീത് ബുക്കിലെ 3-ാം നമ്പർ രസീതു മുഖേന പിരിച്ച തുകയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടുള്ളതും അ രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ലാത്തതായും, രസീതുബുക്കിലെ 4-ാം നമ്പർ രസീതി അസ്സൽ ഉപയോഗിച്ചതായും ഡ്യൂപ്ലിക്കേറ്റ് രസീതിൻമേൽ ക്യാൻസൽഡ് എന്ന് എഴുതിയിട്ടുള്ളതാ രസീതുബുക്കിലെ 5-ാം നമ്പർ രസീതിന്റെ അസ്സൽ ക്യാൻസൽഡ് എന്നും ഡ്യൂപ്ലിക്കേറ്റ് രേഖപ്പെടുത്തലു ഒന്നും തന്നെ ഇല്ലാത്തതായും രസീതുപരിശോധനയിൽ കാണപ്പെട്ടു. കൂടാതെ മേലുദ്യോഗസ്ഥൻ രസീതു സാക്ഷ്യപ്പെടുത്തി ക്യാൻസൽ ചെയ്തിട്ടില്ല..രസീതുകൾ ഇപ്രകാരം സൂക്ഷ്മതയില്ലാതെ കൈകാര്യം ചെ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/01.07.17) രസീത് നമ്പർ മൂന്നിന്റെ അസ്സ രസീതുനമ്പർ നാലിന്റെ ഡ്യൂപ്ലിക്കേറ്റും പരിശോധനക്ക് ഹാജരാക്കുകയും, കെട്ടിടനികുതി ഈടാക്ക സമയത്തു സംഭവിച്ച വീഴ്ചയാണെന്നും മറുപടി നൽകുകയുണ്ടായി.

മാനുവൽ രസീതുകൾ നിയമപ്രകാരം ഉപയോഗിക്കുന്നുവെന്നും, ഇത്തരം വീഴ്ച ആവർത്തിക്കുന്നില്ലായെന്നും മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 കാലാവധി കഴിഞ്ഞ ചെക്ക് റദ്ദുചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഇഷ്യു ചെയ്ത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുക കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെ

ചെയ്യേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം 46).ദീർഘകാലമായി പണമ മാറാത്ത ചെക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 026144 | 27.7.2016 | **10000/-** |

മേൽ ചെക്ക് ക്യാൻസൽ ചെയ്ത് ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 യോഗനടപടിക്രമങ്ങളുടെ മിനിറ്റസ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയപരിധി പാലിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മറ്റിയുടെ മിനിറ്റ്സ് തയ്യാറാക്കൽ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നത വേണ്ടി സകർമ്മ സോഫ്റ്റ്വെയർ പഞ്ചായത്തിൽ വിന്ന്യസിച്ചിട്ടുണ്ടെങ്കിലും യോഗനടപടിക്രമങ്ങ മിനിറ്റ്സ് തയ്യാറാക്കൽ സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിലും മിനി യഥാവിധി ക്ലോസ് ചെയ്യുന്നതിലും ഗുരുതരമായ വീഴ്ച്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. സക സോഫ്റ്റ്വെയർ വിന്ന്യസിച്ചതിന് ശേഷം 30-11-2016, 15-12-16, 30-12-16, 21-1-2017, 20-2-2017, 12-6-2017 എ തീയതികളിലെ മിനിറ്റ്സ് മാത്രമാണ് അന്തിമമാക്കി ക്ലോസ് ചെയ്തിട്ടുള്ളത്. 29-4-2017, 17-5-2017, 29-5-2017 എ തീയതികളിലെ കരട് തീരുമാനവും 23-12-2016, 20-1-2017, 25-1-2017, 1-2-2017, 8-2-2017, 1-3-2017, 20-3-2017, 24-3-2017 3-2017 എന്നീ തീയതികളിലെ തീരുമാനവും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് ഗ്രാമ പഞ്ചായ പ്രസിഡന്റിന്റെ അംഗീകാരം വാങ്ങി അന്തിമമാക്കിയിട്ടില്ല. 18-1-2017, 9-3-2017, 17-3-2017, 28-3-2017, 12-5-2017 6-2017 എന്നീ തീയതികളിലെ കരട് തീരുമാനങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. സക സോഫ്റ്റ്വെയർ വിന്ന്യസിക്കുന്നതിന് മുമ്പുള്ള മിനിറ്റ്സ് ബുക്കും ഉചിതമായ വിധം സൂക്ഷിച്ചിട്ടില്ല ( പേജുകളിലും ഇടയ്ക്ക് കൂട്ടിച്ചേർക്കലുകൾ നടത്താവുന്ന വിധമാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ള

മേൽസൂചിപ്പിച്ച ഗൗരവ സ്വഭാവമുള്ള അപാകത ആഭ്യന്തരനിയന്ത്രണ സംവിധാനത്ത് അപാകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യേ

നടപടക്രമം) ചട്ടങ്ങൾ പാലിക്കുന്നതിലെ വീഴ്ച്ചയും നിയമലംഘനവും ശ്രദ്ധയിൽപ്പെടുത്തന്നു. ആവശ്യമ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 2-5-1 വസ്തുനികുതി -ഭീമമായ കുടിശിക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രക വിവിധ നികുതിയിനങ്ങളിൽ 31-3-17 പ്രകാരം 1,25,66,484/- രൂപ കുടിശികയുള്ളതായി കാണുന്നു. ഇത തൊഴിൽ നികുതി ഇനത്തിലുള്ള 34350/-രൂപയുടേയും ലൈസൻസ് ഫീ ഇനത്തിലെ 13200/- രൂപയും വാ ഇനത്തിലെ 1158/-രൂപയും ഒഴിച്ചാൽ ബാക്കിയുള്ള മുഴുവൻ തുകയും ഗാർഹിക/ഗാർഹികേ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിലുള്ള കുടിശികയാണ്. ഒരു ഗ്രാമപഞ്ചായത്ത് പരിധിയില കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക മാത്രം 1.25 കോടി രൂപയാണ് എന്നത് നികുതി ഡിമാന്റ് പ പിരിച്ചെടുക്കുന്നതിലെ ഗുരുതരമായ കൃത്യവിലോപം വ്യക്തമാക്കുന്നു. ഇത്രയധികം ര കുടിശികയായതിന് വിശദീകരണവും കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങ ലഭ്യമാക്കാനാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.30) മറുപടിയിൽ കുടിശ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീക കുടിശിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 2-5-2(2) ഒരേ കെട്ടിടത്തിന് വ്യത്യസ്തമായ അടിസ്ഥാനവസ്തുനികുതിനിരക്കുകൾ നൽകി നികുതി നിർണയിച്ചു.

2016-17 വർഷം വ്യത്യസ്ത തീയതികളിൽ നിർമ്മാണം പൂർത്തിയാക്കിയ ഒരേ കെട്ടിടത്തിന ഭാഗങ്ങൾക്ക് വ്യത്യസ്തനികുതിനിരക്കുകൾ നൽകി നികുതി നിർണയിച്ചതായി കാണുന്നു.

1. ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ മാത്യു ജെ., കല്ലുകളത്തിലായമുട്ടത്ത് എന്നയാളിന ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതിനിർണയം നടത്തിയതിന വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമനം.1 മുതൽ 6 വരെ 50/-രൂപ അടിസ്ഥാനവസ്തുനികുതി നിരക്കി ക്രമനം.7 മുതൽ 11 വരെ 70/- അടിസ്ഥാനവസ്തുനികുതി നിരക്കിലും ആണ് നിക നിർണയിച്ചിരിക്കുന്നത്.

| ക്രമനം | കെട്ടിടനം. | തറവിസ്തീർണം (ച.മീ) | ചുമത്തിയ വസ്തുനികുതി (ബാധകമായ ഇളവ്, വർദ്ധനവിന് ശേഷം) (രൂപ) സേവനഉപനികുതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി നികുതി (ബാധകമായ ഇളവ്, വർദ്ധനവിന് ശേഷം), സേവനഉപനികുതി | ചുമത്തിയതിൽ കുറവ്, വസ്തുനികുതി, സേവനഉപനികുതി |
|---|---|---|---|---|---|
| 1 | 467 എ | 18 | 1080/-, 324/- | 1512, 454 | 432, 130 |
| 2 | 467ബി | 36 | 2160/-, 648/- | 3024, 907 | 864, 259 |
| 3 | 467സി | 25 | 1500/-, 450/- | 2100, 630 | 600, 180 |
| 4 | 467ഡി | 16 | 960/-, 288/- | 1344, 403 | 384, 115 |
| 5 | 467ഇ | 17 | 1020, 306 | 1428, 428 | 408, 122 |
| 6 | 467എഫ് | 25 | 1500/-, 450/- | 2100, 630 | 600,180 |
| 7 | 467ജി | 30 | 2520/-, 420 | 2520/-, 420 | ഇല്ല |
| 8 | 467എച്ച് | 30 | 2520/-, 420 | 2520/-, 420 | ഇല്ല |
| 9 | 467ഐ | 30 | 2520/-, 420 | 2520/-, 420 | ഇല്ല |
| 10 | 467ജെ | 30 | 2520/-, 420 | 2520/- , 420 | ഇല്ല |
| 11 | 467കെ | 15 | 1260/-, 378 | 1260/-, 378 | ഇല്ല |

**ഓഡിറ്റ് ഇംപാക്റ്റ്**

**2. വസ്തുനികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി.**

ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ടോം ആന്റണി എന്നയാളിന്റെ ഉടമസ്ഥതയില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2016-17 വർഷം വസ്തുനികുതിനിർണയം നടത്തിയതിന വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഫയലിൽ ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം നിർമ്മാ പൂർത്തിയായ ഏരിയ 257.24 ച.മീറ്ററാണ്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ച തറവിസ്തീർണം (78+72)ച.മീറ്ററാണ്. നിർമ്മാണം പൂർത്തിയാക്കിയ ഭാഗത്തിന് പൂർണമായും നികുതി നിർണ്ണയിക്കാത്തര വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ക്രമനം.1 മുതൽ 4 വരെ 30/-രൂപ അടിസ്ഥാനവസ്തുനികുതിനിരക്കി ക്രമനം. 5 മുതൽ 8 വരെ 50/-രൂപ അടിസ്ഥാനവസ്തുനികുതിനിരക്കിലും ആണ് നിക നിർണയിച്ചിരിക്കുന്നത്.

| ക്രമനം | കെട്ടിടനം. | തറവിസ്തീർണം(ച.മീ) | ചുമത്തിയ നികുതി (ബാധകമായ ഇളവ്,വർദ്ധനവിന് ശേഷം) (രൂപ) വസ്തു നികുതി, സേവന ഉപനികുതി | ചുമത്തേണ്ടിയിരുന്ന നികുതി, വസ്തു നികുതി, സേവന ഉപനികുതി | ചുമത്തിയതിൽ കുറവ് വസ്തുനികുതി | സേവന ഉപനിക |
|---|---|---|---|---|---|---|
| 1 | 115 എ | 15 | 540/- ,162/- | 1260, 378 | 720 | 216 |
| 2 | 115ബി | 21 | 756/-, 227/- | 1764, 529 | 1008 | 302 |
| 3 | 115സി | 21 | 756/-, 227/- | 1764, 529 | 1008 | 302 |
| 4 | 115ഡി | 21 | 756/-, 227/ | 1764, 529 | 1008 | 302 |
| 5 | 115ഇ | 18 | 1080/-, 324 | 1512, 453 | 432 | 129 |
| 6 | 115എഫ് | 18 | 1080/-, 324 | 1512, 453 | 432 | 129 |
| 7 | 115ജി | 18 | 1080/-, 324 | 1512, 453 | 432 | 129 |
| 8 | 115എച്ച് | 18 | 1080/-, 324 | 1512, 453 | 432 | 129 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (ന 27)മറുപടിയിൽ അടിസ്ഥാനവസ്തുനികുതി ച.മീറ്ററിന് 70/- രൂപ നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെ ആകെ കുറവ് വന്ന തുകയും 7837/-രൂപ 06.07.2017 ലെ 117010102668 മുതൽ 117010102675 വരെയുള്ള രസീതു പ്രകാരം ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് (എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴു ഭാഗത്തിനും വസ്തുനികുതി ചുമത്താത്തതിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല).

ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത അടിസ്ഥാന വസ്തുനികുതി നിര അടിസ്ഥാനമാക്കി നികുതി ചുമത്തിയതിന്റെ യുക്തി രാഹിത്യം ഗ്രാമപഞ്ചായത്ത് അധികൃ ശ്രദ്ധിച്ചിരുന്നില്ല. ഓഡിറ്റ് ഇടപെടലിലൂടെ ഗ്രാമ പഞ്ചായത്തിന് സംഭവിക്കാമായിരുന്ന ആവർത്തന ന ഒഴിവായെങ്കിലും സമാനമായ രീതിയിൽ വ്യത്യസ്ത അടിസ്ഥാന നിരക്കുകൾ പ്രകാരം നിക നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും അങ്ങനെയുള്ളവയ നികുതി പുനർനിശ്ചയിക്കേണ്ടതുമാണ്. ഇതോടൊപ്പം ഈ ഖണ്ഡികയുടെ ഒന്നാം ഭാഗത്ത് പരാമർശിച്ചിട്ട കെട്ടിടത്തിന്റെ വസ്തു നികുതിയും പുനർനിർണ്ണയിച്ച് തുക ഈടാക്കി ഗ്രാമ പഞ്ചായത്തിനുണ്ടാക ആവർത്തന നഷ്ടം ഒഴിവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5-2(1) ഓഡിറ്റ് ഇംപാക്ട്- ക്രമവൽക്കരണ ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി.

ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിൽ മാനേജർ, ക്രിസ്തുജ്യോതി വിദ്യാനികേതന ഉടമസ്ഥതയിലുള്ളതും 1854.19 ച.മീറ്റർ തറവിസ്തീർണ്ണവുമുള്ള വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തിന വസ്തുനികുതിനിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതം ശ്രദ്ധയിൽപ്പെട്ടിരുന്നു.

1. 09.04.2015 ലെ സി.3-922/15-ാം നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയിട്ടുള്ളത് 821.85 ച.മ തറവിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിനാണ്. വസ്തുനികുതി നിർണ്ണയത്തിന് ലഭ്യമാക്കിയിരിക്ക കംപ്ളീഷൻ പ്ലാൻ പ്രകാരം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1854.19ച.മീറ്ററാ കംപ്ലീഷൻ പ്ലാൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്ന നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പുള്ള അനുമതിക്കായി സാങ്കേതിക വിഭാഗം പരിശോധിക്കുന്നതി കൂടുതൽ പ്രാധാന്യം കംപ്ലീഷൻ പ്ലാൻ പരിശോധിക്കുന്നതിന് നൽകേണ്ടിയിരുന്നതാണ്. കാരണം കെ നിർമ്മാണ ചട്ടങ്ങൾ എത്രമാത്രം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് യഥാർത്ഥ നിർമ്മ പരിശോധിക്കേണ്ടതുണ്ട്. പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നതിൽ നിന്നും പൂർത്തിയ

കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ 1032ച.മീറ്ററിന്റെ വ്യത്യാസം നിലനിൽക്കുന്നതായി കാണ
കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്ക
അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയ
കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന
നിർമ്മാണത്തിൽ 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ
വ്യക്തമല്ല. ഈ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിന് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വ
പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇപ്രകാരമുള്ള അപാകത
ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ നിർദ്ദേശിച്ചിരുന്നു.

2. കെട്ടിടത്തിന് നിശ്ചിത നിരക്കിലുള്ള ക്രമവൽക്കരണഫീസ് (പെർമിറ്റ് ഫീസിന
ഇരട്ടി)ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നില്ല. ക്രമവൽക്കരണ ഫീ ഈടാക്കിയതിന
രസീത് നം./തീയതി, തുക തുടങ്ങിയവ ബോധ്യപ്പെടുത്താനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓ
എൻക്വയറിക്ക് (നം.22) ആദ്യം നൽകിയ മറുപടിയിൽ ക്രമവൽക്കരണഫീസായി 2010/-രൂപ (ര
നം.117010100608 തീ.28.04.2017) മാത്രമെ ഈടാക്കിയിട്ടുള്ളു എന്ന് അറിയിച്ചിരു
ക്രമവൽക്കരണഫീസിനത്തിൽ കുറവുവന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ടുകൊ
നൽകിയ ഓഡിറ്റ് എൻക്വയറി (നം.22) പ്രകാരം കുറവ് വന്ന തുകയായ 12,589/- രൂപ 06.07.2017 ലെ 11701010
-ാം നം രസീത് പ്രകാരം ഈടാക്കിയിട്ടുള്ളതായി തുടർന്ന് നൽകിയ മറുപടിയിലൂടെ അറിയിച്ചു.
ഗ്രാമപഞ്ചായത്തിനുണ്ടാകുമായിരുന്ന 12589/-രൂപയുടെ റവന്യൂ നഷ്ടം ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിന
ഒഴിവായെങ്കിലും ക്രമവൽക്കരണ ഫീ കൃത്യമായി കണക്കാക്കി ഈടാക്കുന്നതിൽ വീഴ്ച വരുത്ത
ഉദ്യോഗസ്ഥനോട് വിശദീകരണം പോലും ചോദിച്ചിട്ടില്ല. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട
ക്രമവൽക്കരണ ഫീ ഈടാക്കുന്നതിൽ സമാനമായ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ട
നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ (മേൽ നോട്ടചുമതല
ഉദ്യോഗസ്ഥരിൽ നിന്ന് ഉൾപ്പടെ) കെട്ടിട ഉടമയിൽ നിന്നോ ഈടാക്കേണ്ടതുമാണ്. കുറ്റമറ്റ മേൽ
സംവിധാനത്തിലൂടെ ഈ വിഷയത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനത്ത
പാളിച്ച പരിഹരിക്കേണ്ടതുമാണ്.

## 2-5-3 വസ്തുനികുതി നിർണ്ണയത്തിന് മുൻപ് അടിസ്ഥാന വസ്തുനികുതിനിരക്ക് നിശ്ചയിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിൽ ഗോവേന്ദ്രപ്രയോർ & ഫാ.നോവിസ് മാത്യു എന്നിവര ഉടമസ്ഥതയിലുള്ള 380/എ നമ്പർ കെട്ടിടത്തിനെ (തറവിസ്തീർണം.1443 ച.മീറ്റർ) സ്വകാര്യഹോസ്റ്റൽ, ഹോം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 30/- രൂപ അടിസ്ഥാനവസ്തുനികുതിനിര ചുമത്തി 2015-16 വർഷം നികുതി നിർണയിച്ചതായി കാണുന്നു. എന്നാൽ ഇപ്രകാ അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിന് 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവ വസ്തുനികുതി സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് ചതുരശ്ര മീറ്ററിന് 30/- രൂപ എന്നത്. പ്രസ്തുത സ്ലാബി ഏത് നിരക്കാണ് പരിഗണിക്കേണ്ടതെന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കേണ്ടതും ആയതിന്മേ ആക്ഷേപം ക്ഷണിച്ച് അന്തിമ നിരക്ക് വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.എങ്കിൽ മാത്ര ഇതിന് നിയമ പ്രാബല്യം ലഭിക്കുകയുള്ളൂ. ഇപ്രകാരം നിയമ പ്രാബല്യം ലഭിക്കുന്നതിന് മുമ്പ് സെക്ര സ്വമേധയാ നിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കിയതിന്മേൽ വിശദീകര ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.20) യുടെ മറുപടിയിൽ നികുതിനിര സംബന്ധിച്ച് വിജ്ഞാപനം നടത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീക അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 2-5-4 സേവന ഉപനികുതി നോട്ടിഫിക്കേഷനിലൂടെ പ്രാബല്യത്തിൽ വരുത്താതെ ഈടാക്കുന്നത് നിയമ വിരുദ്ധം.

ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന വസ്തുനികുതിയുടെ 30% തുക സേവന ഉപ നികുതിയായി ഈടാ വരുന്നു. എന്നാൽ പ്രസ്തുത സേവന ഉപനികുതി എതെല്ലാം സേവനങ്ങൾക്കായി എത്ര ശതമാനം നിരക്ക വീതം ഈടാക്കുന്നുവെന്ന് വ്യക്തമാക്കുകയോ ഇത് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടു ആക്ഷേപം ക്ഷണിച്ച് അന്തിമ വിജ്ഞാപനമായി പുറപ്പെടുവിച്ച് നിയമ പ്രാബല്യം വരുത്തുകയോ ചെയ്തിട്ട പഞ്ചായത്ത് കമ്മറ്റിയുടെ 27-3-17 ലെ 11-ാം നമ്പർ തീരുമാനപ്രകാരം സേവന നികുതി ആദ്യം നിശ്ചയിച്ചിര 37.5 എന്ന നിരക്കിൽ നിന്നും സെക്രട്ടറിയുടെ ശുപാർശ പ്രകാരം 30% ആയി കുറയ്ക്കുകയും ചെയ്തത കാണുന്നു. അന്തിമ വിജ്ഞാപനത്തിലൂടെ നിയമപ്രാബല്യം ലഭിച്ചതിന് ശേഷം മാത്രം ഈടാക്കേണ്ട സേ ഉപനികുതിയുടെ ഘടകങ്ങൾ നിശ്ചയിക്കാതെ നിരക്ക് നിശ്ചയിച്ചതും പൊതുജനങ്ങളിൽ നിന്ന് ആക്ഷേ ക്ഷണിക്കാതെ നികുതി നിരക്കിൽ ഏറ്റക്കുറച്ചിൽ വരുത്തിയതും നിയമ വിരുദ്ധമാണ്. പരിഹ നടപടികൾക്കും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

2-5-5 പെർമിറ്റ് നം.സി.3/1389/16 പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ വസ്തുനികുതിനിർണ്ണയത്തിലെ അപാകത .

ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിലുള്ളതും ജോഷി ജി.കളത്തിൽ, ജിഷ ജോർജ് എന്നിവര ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിന് 2016-17 വർഷം പെർമിറ്റ് നൽകിയതും വസ്തുനിക നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചു ചേർക്കുന്നു.

1.4.4.2016 ലെ സി3/1389/16 നമ്പർ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം ചുവടെ ചേർ പ്രകാരമാണ്.

ഗ്രൗണ്ട് ഫ്ലോർ വാണിജ്യാവശ്യം - 159.75ച.മീ

ഫസ്റ്റ് ഫ്ലോർ വാണിജ്യാവശ്യം.- 159.75ച.മീ

സെക്കന്റ്ഫ്ലോർ പാർപ്പിടാവശ്യം-157.60ച.മീ

ആകെ--- 477.10ച.മീ

ഈ കെട്ടിടത്തിന് പെർമിറ്റ് നൽകിയപ്പോൾ 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമ കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. അപേക്ഷയിൽത്തന്നെ പരസ്പരവിരുദ്ധമായ റിപ്പോർട്ടുകളാണ് ഓവർസീയർ/അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു റിപ്പോർട്ട നിർമ്മാണം കെ.പി.ബി.ആർ ന് വിധേയമാണെന്നും വയലേഷനില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്ന അപേക്ഷയിലെ ഇതേ പേജിൽത്തന്നെ രേഖപ്പെടുത്തിയിട്ടുള്ള റിപ്പോർട്ടിൽ മൂന്നാം നില നിർമ്മാണത്ത ഫയർ എൻ .ഒ.സി ഹാജരാക്കണമെന്നും നിലവിലുള്ള പ്ലാൻപ്രകാരം നിശ്ചിത പാർക്കിംഗ് ഏരിയ ഇല്ല എ പരാമർശിച്ചുകാണുന്നു. പ്രസ്തുത റിപ്പോർട്ടുകൾ രേഖപ്പെടുത്തിയ തീയതി വ്യക്തമല്ല. മാത്രമല്ല റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചതിന് ശേഷമാണോ രണ്ടാമത്തെ റിപ്പോ രേഖപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമല്ല. ഇപ്രകാരം സാങ്കേതികവിഭാഗത്തിന്റെ പരസ്പരവിരുദ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.കെട്ടിടത്തിന്റെ വസ്തുനികുതിനിർണയത്തിന് ലഭ്യമാക്കിയ കംപ്ലീഷൻപ്ലാൻ പ്രകാരമുള്ള തറ വിസ്തീർ ചുവടെ ചേർക്കുന്നു.

ഗ്രൗണ്ട് ഫ്ലോർ വാണിജ്യാവശ്യം - 133.86ച.മീ

ഫസ്റ്റ് ഫ്ലോർ വാണിജ്യാവശ്യം.- 164.80ച.മീ

struss roof area -164.80ച.മീ

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപമായി നിർമ്മിച്ചിട്ടുള്ള പ്രസ്തുത കെട്ടിടം ഓഡിറ്റ് ടീം നേര പരിശോധിച്ചതിൽ struss roof areaഎന്നത് ഭാഗികമായി മറച്ച നിലയിലാണെന്നും പ്രസ്തുത ഏരിയായിൽ ( ടോയ്ലെറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് ( (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 2(എഫ് ) പ്രകാരം തുറന്ന ടെറസ് ഭാഗം ഒഴികെയുള്ള ഓരോ നിലയിലുമുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണമാണ് വിസ്തീർണ്ണമായി നിർവ്വചിച്ചിരിക്കുന്നത്. എന്നാൽ ഈ കെട്ടിടത്തിന്റെ തുറസായ ടെറസ് ഭാഗം പ കരുതാനാവാത്ത struss roof area ആയ-164.80ച.മീ വിസ്തീർണം ഉള്ള ഭാഗത്തിന് വസ്തുനികുതി ചുമത്തിയത കാണുന്നില്ല (അടിസ്ഥാന വസ്തുനികുതിയിൽ മാത്രം 11536/- രൂപയുടെ കുറവ്). മേൽ സാഹചര്യത്ത കെട്ടിടത്തിന്റെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കാവുന്ന ഭാഗം മാത്രമാണോ ഒഴിവാക്കിയിരിക്കു എന്നത് സംബന്ധിച്ച് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓ എൻകവയറിയുടെ (നം.36) മറുപടിയിൽ പെർമിറ്റ് നൽകിയതിൽ ചട്ടലംഘനമില്ലെ വസ്തുനികുതിനിർണ്ണയം സംബന്ധിച്ച അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 2-5-6 ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ നിരവധി കെട്ടിടങ്ങൾ- വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടും ഈടാക്കിയിട്ടില്ല.

ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശം വാഴപ്പ പഞ്ചായത്തിലെ 13-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. വ്യവസായ വികസന പ്രദേശമായി സർക പ്രഖ്യാപിച്ചിട്ടുള്ള ടി പ്രദേശത്ത് സ്വകാര്യ വ്യവസായ ഉടമകളുടെ കൈവശാനുഭവത്തിലുള്ള സ്ഥലത സർക്കാർ ഉടമസ്ഥതയിലും നിരവധി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു (സഞ്ചയ സോഫ്റ്റ്വെയറില

ലഭ്യമായ വിവരം പ്രകാരം 100 ലേറെ കെട്ടിടങ്ങൾ ഈ ഭാഗത്ത് നിലവിലുണ്ട്). ഇവയിൽ ബഹുഭൂരിപക കെട്ടിടങ്ങളുടേയും നികുതി വ്യവസായ പ്രദേശം എന്ന നിലയിൽ ഇളവുണ്ട് എന്ന നിഗമനത്ത വർഷങ്ങളായി ഒടുക്കിന്നില്ലയെന്ന് കാണുന്നു. അപൂർവ്വം ചില വ്യവസായ ഉടമകൾ നിക ഒടുക്കിയിട്ടുമുണ്ട് (ഉദാഹരണം-ജോസഫ് ചെറിയാൻ, പടിഞ്ഞാറേക്കര എന്ന വ്യവസായ ഉടമ). നിക ഒടുക്കാത്തതിന് കാരണമായി പറയുന്ന വ്യവസായ വകുപ്പിന്റെ 5-7-94 ലെ ജി.ഒ.(ആർ.ടി)നം.591/9 പരിശോധിച്ചതിൽ ആയത് ഇത്തരം പ്രദേശങ്ങളിലെ വ്യവസായങ്ങൾക്ക് ലോക്കൽ ബോഡികളിൽ നിന്ന ക്ലിയറൻസ് ഇളവ് സംബന്ധിച്ചുള്ളതാണെന്ന് കാണുന്നു. പ്രസ്തുത ഉത്തരവിൽ വസ്തുനികുതി ഇ സംബന്ധിച്ച് യാതൊരു പരാമർശവുമില്ല.

മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, അദ്ധ്യായം 1, വകുപ്പ് 1(2) ന് 2014 ലെ 34-ാം ആക്ട് പ്രക വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ് നിയമത്തിലെ "ധനകാര്യവും നികുതി ചുമത്ത സംബന്ധിച്ച 19-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് (203-ാം വകുപ്പ് പ്രകാരമുള്ള വസ്തുനികുതി ഉൾപ്പ വ്യവസായ നഗരപ്രദേശ വികസന ആക്ട് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളി വ്യാപ്തിയുണ്ടായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടങ്ങൾ വർഷങ്ങളായി നികുതി ഒടുക്കാത്ത നടപടി നിയമാനുസൃതമാണോയെന്നത വ്യക്തതക്കുറവുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ സ്പഷ്ടീകരണം തേടേണ്ടതും ഈ വിഷയത്തിൽ കോട വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ കോടതി ഉത്തരവിന് വിധേയമായി തുടർനടപടിക സ്വീകരിക്കേണ്ടതുമാണ്. വസ്തുനികുതി പരിഷ്ക്കരണത്തിന് ശേഷം ഇതരവ്യവസായ ആവശ്യത്തിന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് വർദ്ധിച്ചിട്ടുള്ളതിനാൽ 2013-14 മുതൽ ഈ പ്രദേശത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് ചെയ്തിട്ടുള്ള വസ്തുനികുതിയിൽ മാത്രം താരതമ്യേന കൂടിയ തുക കുടിശ്ശികയ അവശേഷിക്കുകയും ആയവ പിരിച്ചെടുക്കാൻ കഴിയുമോയെന്നതിൽ അവ്യക്തത നിലനിൽക്കുക ചെയ്യുന്നത് ആശാസ്യമല്ലാത്തതിനാൽ ഈ വിഷയത്തിൽ സത്വര തുടർനടപടി അനിവാര്യമാണെന്ന് ഓ വിലയിരുത്തുന്നു.

## 2-5-7 മൊബൈൽ ടവറുകളുടെ വസ്തുനികുയിനത്തിൽ വൻതുക കുടിശികയായി അവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ ലഭ്യമായ വിവരം പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 20 മൊബൈ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഇവയിൽ 17 ടവറുകള

തുടർച്ചയായ വർഷങ്ങളിലെ നികുതി ഈടാക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കു

| ക്രമ നം | വാർഡ് നം./ കെട്ടിട നം. | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേര് | നികതി കുടിശ്ശികയായ വർഷങ്ങൾ | ആകെ കുടിശ്ശിക (കുടിശ്ശിക + പിഴപലിശ)രൂപ |
|---|---|---|---|---|
| 1 | 3/271/A | ഭാരത് ഇൻഫ്രാടെൽ | 08-09 മുതൽ | 28103/- |
| 2 | 3/300/B | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 10-11 മുതൽ | 25074/- |
| 3 | 3/300/C | വോഡഫോൺ | 11-12 മുതൽ | 23698/- |
| 4 | 4/200/A | വയലെസ് ഐറ്റി | 13-14 മുതൽ | 23040/- |
| 5 | 4/491/A | ഡിഷ് നെറ്റ് | 12-13 മുതൽ | 31040/- |
| 6 | 9/137/A | എസ്സാർ ടെലികോം | 13-14മുതൽ | 115200/- |
| 7 | 9/155/A | എയർസെൽ | 13-14 മുതൽ | 25600/- |
| 8 | 13/69/A | റിലയൻസ് ജിയോ | 14-15 മുതൽ | 1064/- |
| 9 | 13/414/C | ബി.എസ്.എൻ.എൽ | 13-14 മുതൽ | 33200/- |

| | | | | |
|---|---|---|---|---|
| 10 | 13/450/A | റിലയൻസ് ജിയോ | 14-15 മുതൽ | 1064/- |
| 11 | 13/544/A | ഇൻഡസ് ടവർ | 11-12 മുതൽ | 26917/- |
| 12 | 15/200/B | വോഡഫോൺ | 12-13 മുതൽ | 23038/- |
| 13 | 15/474/A1 | റെലിൻസ് | 11-12 മുതൽ | 31378/- |
| 14 | 15/487/A | ടവർ വിഷൻ | 11-12 മുതൽ | 32366/- |
| 15 | 16/522/A | WITIL | 08-09 മുതൽ | 48600/- |
| 16 | 18/200/A | ഇൻഡസ് ടവർ | 11-12 മുതൽ | 33353/- |
| 17 | 18/200/B | ഇൻഡസ് ടവർ | 11-12 മുതൽ | 12837/- |
| 18 | i/147/A | ഇൻഡസ് ടവർ | 15-16 | 20395/- |
| 19 | 3/266A | റിലയൻസ് ജിയോ | 16-17 | 1699/- |
| 20 | 14/226/G | ഇൻഡസ് ടവർ | കുടിശികയില്ല. | |
| | ആകെ | | | 5,37,666/- |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണയത്തിൽ ടവറിന അടിസ്ഥാനനിർമ്മിതിയുടെ ഏരിയ, അനുബന്ധകെട്ടിടങ്ങളുടെ ഏരിയ എന്ന കണക്കിലെടുത്തിട്ടുണ്ടോയെന്നുള്ള വിവരം പരിശോധിക്കേണ്ടതും ഈ വിവരം ഓഡിറ്റിൽ രേഖാമ അറിയിക്കേണ്ടതുമാണ്. മേൽ പട്ടികയിലെ ക്രമനം. 8.10,19 എന്നിവയിൽ പരാമർശിച്ചിട്ടുള്ള മൊബൈ ടവറുകളുടെ വാർഷിക വസ്തുനികുതി താരതമ്യേന കുറഞ്ഞ തുകയായി കാണുന്നതിനാൽ നിക

നിർണയത്തിന്റെ കൃത്യത പുനപരിശോധിക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വസ്തുനിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-5-8 പാരാമിലിട്ടറി വിഭാഗക്കാർക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി.

ഗവ.ലറ്റർ നം.4559/എൻ 2/06/15.തസ്വഭവ/15.7.06 (പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്ത്) പ്രക വിമുക്തഭടൻമാർക്ക് നൽകുന്ന ഇളവ് പാരാമിലിറ്ററി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല വ വ്യക്തമാക്കിയിട്ടുണ്ട്. വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച ഫയലു പരിശോധിച്ചതിൽ ചുവടെപ്പറയുന്ന പാരാമിലിറ്ററി വിഭാഗത്തിൽപ്പെട്ടവരെ വസ്തു നികുതി ഒടുക്കുന്നത നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമനം | കെട്ടിടനം | ഉടമയുടെ പേര് | മിലിട്ടറി വിഭാഗം |
|---|---|---|---|
| 1 | 3/122 | മത്തായി തോമസ് | ഗ്രഫ് |
| 2 | 11/470 | സ്കറിയ ജോസഫ് | ആസാം റൈഫിൾസ് |
| 3 | 5/274 | ഗോപാലകൃഷ്ണൻ നായർ | ആസാം റൈഫിൾസ് |
| 4 | 13/445 | എം.ജെ തോമസ് | ഗ്രഫ് |
| 5 | 7/10 | ശശിധരൻ പി.വി | ആസാം റൈഫിൾസ് |

മേൽ വിഭാഗത്തിൽപ്പെട്ടവരെ വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകര ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.39)മറുപടിയിൽ വ്യക്തികളുടെ നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റ വിവരമറിയിക്കേണ്ടതാണ്.

## 2-5-9 വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ പ്രയോർ, എസ്.എച്ച് ഗോവെന്ദ എന്നയാളിന്റെ ഉടമസ്ഥതയില ഇലക്ട്രിക് റൂമിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാനിൽ ഉ കെട്ടിടം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ നിലനിൽക്കുന്ന മറ്റ് കെട്ടിടങ്ങളുടെ വിവരം ചേർത്തിട്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടത്തിന്റെ ഉപയോഗക്രമം | തറവിസ്തീർണ്ണം(ച.മീ) |
|---|---|---|
| 1 | മൊണാസ്റ്ററി | 2034.89 |
| 2 | ചർച്ച് ഓഫീസ് | 470.70 |
| 3 | പാർപ്പിടം | 179.59 |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധനയ്ക്കായി 2016-17 വർഷത്തെ വസ്തുനിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (ന മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 2-5-10 സർഗ്ഗക്ഷേത്ര ഫൈൻആർട്ട്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടും കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ നേരെ വിപരീത ദിശയിലായി സർഗ്ഗക്ഷേത്ര ഫൈൻആർട്ട്സ് സ്ക കെട്ടിടം നിർമ്മിക്കുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.(നം.C3-6606/15 തീ:17-7-15). ഗ്രൗണ്ട് ഫ്ലോർ 114 ച.മീ, ഒന്നാം നില 1140.62 ച.മീ എന്നിങ്ങനെ അളവുകളിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനു നൽകിയിട്ടുള്ളത്.പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്ത വരുന്നതായാണ് കാണപ്പെട്ടത്. എന്നാൽ നാളിതുവരെ കെട്ടിടത്തിന് നമ്പർ നൽകി നിക നിർണ്ണയിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപസ്ഥമായി നിർമ്മാ പൂർത്തിയാക്കിയ വലിയ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ച് ആവശ്യമ ഫീസ് (ക്രമവൽക്കരണ ഫീ ഈടാക്കേണ്ടതുണ്ടെങ്കിൽ) ഈടാക്കി നികുതി ചുമത്തുന്നതിൽ കാലതാമ

ഉണ്ടാകുന്ന കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് നികുതി ചുമത്തിയതിന്റേ മറ്റും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5-11 യു.എ രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ തരം, നിലം എന്ന ഗണത്തിൽപ്പെടുന്നതിനാൽ കെട്ടിട നിർമ്മ അനുമതിയോ ക്രമവൽക്കരണ അനുമതിയോ നൽകാൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തിലെ ഏതാ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ചതായി കാണുന്നു. ഇതുമായി ബന്ധ ഫയൽ , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വസ്തുനികുതി മൂന്നിരട്ടി നിരക്കിൽ ഈടാക്കിയതിന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. യു.എ രജിസ്റ്റർ എന്ന പേരിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആ അപൂർണ്ണമാണ്. ആയതിനാൽ യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ച എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും ആയവയ്ക്ക് 2016-17 വർഷത്തെ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19) യുടെ മറുപടിയിൽ രജിസ്റ്റ രേഖപ്പെടുത്തലുകൾ പൂർണമാക്കി ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. രജിസ്റ്റർ പൂർണ്ണമാ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-6-1 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2016-17 വർഷം പഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. 2016-17 വർഷം ബിൽഡിംഗ് പെർ നൽകിയ ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | ബിൽഡിംഗ് പെർമിറ്റ് നം/ തീയതി | ഉപയോഗക്രമം | തറവിസ്തീർണ്ണം(ച.മീ) |
|---|---|---|---|---|
| 1 | മാത്യു,കല്ലുകുളത്തിലായമുട്ടത്ത് | സി3/2693/16, 28.04.2016 | വാണിജ്യാവശ്യം | 299.09 |
| 2 | ലിജോ ആന്റണി, എളംകാവിൽ | സി3/2581/16,12.04.2016 | വാണിജ്യാവശ്യം | 209.76 |

| | | | | |
|---|---|---|---|---|
| 3 | ദാമോദരക്കുറുപ്പ് &സേതുക്കുട്ടിയമ്മ | സി5/5066/16,25.07.2016 | വാണിജ്യാവശ്യം | 327.16 |
| 4 | ജേക്കബ് വർഗ്ഗീസ്, കാഞ്ഞൂപ്പറമ്പിൽ | സി3/4414/16, 01.08.2016 | വാണിജ്യാവശ്യം | 346.67 |
| | | | പാർപ്പിടാവശ്യം | 170 |

1.ഈ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയപ്പോൾ കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 12900/ആർ.എ1/ 2015-ാം നം സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഈ സർക്കുലറിലെ 4-മ നിർദേശമായ കെട്ടിടനിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗ ഉണ്ടായിരിക്കണമെന്നും ഇവയിൽ രേഖപ്പെടുത്തലുകൾ ഫയൽ സംബന്ധമായ വിവരങ്ങൾ എന ക്രമാനുഗതമായി ഫയൽ നമ്പർ ,പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയ സൂക്ഷിക്കണമെന്നുമുള്ള നിർദേശങ്ങൾ പാലിച്ചിട്ടില്ല.

2. സർക്കുലറിലെ 5-മത്തെ നിർദേശമായി കുറിപ്പുകൾ അപേക്ഷയിൽത്തന്നെ എഴുതുന്ന രീതി പൂർണമാ ഒഴിവാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ "കെട്ടിടനിർമ്മാണം 2011 കെ.പി.ബി.ആർ വിധേയമാണ്, വയലേഷനില്ല" എന്ന് മാത്രം രേഖപ്പെടുത്തുന്ന റിപ്പോർട്ട് അപേക്ഷയിൽത്ത എഴുതിയിരിക്കുന്നതായി കാണുന്നു.

3.സർക്കുലറിലെ 6-മത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവില കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭ തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ, വിസ്തീർണം, കെട്ടിടത്തിന്റെ കൈവശഗണ ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ., നിലകളുടെ എണ്ണം , കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാ കെട്ടിടനിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രക ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്ന വിവരം മുതലായവയും റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മേൽപ്പറ തരത്തിലുള്ള റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത് .

4.മേൽ സൂചിപ്പിച്ചിട്ടുള്ളത് ചില ഉദാഹരണങ്ങൾ മാത്രമാണ്.ഗ്രാമ പഞ്ചായത്തിലെ ഒട്ടുമി കെട്ടിടങ്ങളുടേയും നിർമ്മാണം പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നടന്നിട്ടുള്ളത് എന്നതിന

മേൽകെട്ടിടങ്ങളുടെ കംപ്ലീഷൻ പ്രകാരമുള്ള തറവിസ്തീർണ്ണം എത്രയാണെന്ന വിവരവും അറിയിക്കേണ്ട റഗുലറൈസേഷൻ ഫീ ഇരട്ടി നിരക്കിൽ ഈടാക്കിയതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.31) മറുപടിയിൽ ഇപ്പോൾ നിലവിലുള്ള ഫയലുകളിൽ പരാമർശപ്രകാരമുള്ള നിർദ്ദേശ പാലിക്കുന്നുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ പെർമിറ്റു നൽകിയതിൽ ക്രമനം. 1, 2 ,3 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് വ്യക്തമാ മേൽപ്പറഞ്ഞ പെർമിറ്റ് ഫയലുകൾ പുനപ്പരിശോധിക്കേണ്ടതും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്ക പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതുമാണ്.

## 2-6-2 കെട്ടിങ്ങളുടെ ക്രമവൽക്കരണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പെർമിറ്റെടുക്കാതെയോ അല്ലെങ്കിൽ അംഗീകൃതപെർമിറ്റിൽ നിന്ന് വ്യതിച നിർമ്മിക്കപ്പെട്ടതോ ആയ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചത ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 134 പ്രകാരം അനുബന്ധം ജെ യിലെ ഫാറത്ത സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02.12.2015 ലെ 1 ആർ.എ1/ 2015/തസ്വഭവ പ്രകാരമുള്ള സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ 1 ഖണ്ഡികയിൽ ഫയൽ പെർമിറ്റ് അധികാരിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് മു സാങ്കേതികവിഭാഗത്തിന്റെയും ബന്ധപ്പെട്ട സെക്ഷന്റെയും റിപ്പോർട്ട് തേടേണ്ടതാണെ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കെട്ടിടനിർമ്മാണ ക്രമവൽക്കരണ നടപടികൾക്കും ബാധകമാണ്. നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഉദാഹരണത്തിന് അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്ക

റിപ്പോർട്ടിൽ കെട്ടിടത്തെ സംബന്ധിച്ച് രേഖപ്പെടുത്തേണ്ട വിവരങ്ങൾ, പെർമിറ്റ് അനുവദിക്കു സംബന്ധിച്ച ശുപാർശ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് ,ശുപാർശ എന്നിവയില്ലാതെതന്നെ കെട്ടിടങ്ങൾ ക്രമവൽക്ക നൽകിയതായി കാണുന്നു.

3.ക്രമവൽക്കരണം അനുവദിച്ച കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചതായി കാണുന്നില്ല. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.26) മറുപടി ലഭ്യമാക്കിയില്ല..വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്ക ശ്രദ്ധിക്കേണ്ടതുമാണ്.

## 2-7-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

2016-2017 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ ചുവടെപ്പറയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ,തുരുത്തി | II |
| നിറനാഴി റോളർ ഫ്ലോർ മിൽ | II |
| നിറനാഴി ആഗ്രോഫീഡ്സ് | II |
| പി.വി.എഫ്.ഫീഡ്സ് | II |
| ഫിലിപ്സ് മോട്ടോഴ്സ്,ചങ്ങനാശ്ശേരി | II |
| അഭിലാഷ് ഫ്യുവൽസ്,തെങ്ങണ | II |
| പോപ്പുലർ ഹ്യുണ്ടായി,തെങ്ങണ | I |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്ക ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സ്ഥാപനങ്ങള് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറു ലഭ്യമാക്കി.തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ വ്യാപാരികൾ, കരാറുകാർ,സ്വകാര്യ ഡോക്ടർമാർ എന്നിവര ലിസ്റ്റ് തയ്യാറാക്കി ടി വ്യക്തികളിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നിക ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരവും ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

3. 2016-2017 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന പാരാമെഡിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിഈടാക്കിയതായി കാണുന്നില്ല.

| ക്രമനം | സ്ഥാപനത്തിന്റെപേര് |
|---|---|
| 1 | ബയോടെക് ലബോറട്ടറീസ് |
| 2 | അക്കുപങ്ചർ ഹോം ,മടുക്കുംമൂട് |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈടാ വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. നികുതി ഈടാക്കി വിവരം ഓഡിറ് അറിയിക്കേണ്ടതാണ്.

## 2-7-2 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-2017 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ ചുവടെപ്പറയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലിസ്റ്റോർ,ചെത്തിപ്പുഴ | I&II |
| ടോംസ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് | I&II |
| നിറനാഴി റോളർ ഫ്ലോർ മിൽ | I&II |

| | |
|---|---|
| നിറനാഴി ആഗ്രോഫീഡ്സ് | I&II |
| പോപ്പുലർ ഹ്യുണ്ടായി,തെങ്ങണ | II |
| അമൃത ക്ലിനിക്കൽ ലബോറട്ടറി | I&II |
| സെന്റ് തോമസ് ഹോസ്പിറ്റൽ,ചെത്തിപ്പുഴ | I&II |
| അപരാജിത ഡൈനാമിക് സിനർജീസ് | II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽ നികുതി ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7-3 സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ 2016-2017 വർഷം പ്രവർത്തിച്ചിരുന്ന പണമിടപാടു സ്ഥാപനങ്ങ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശ ചുവടെക്കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റ പേര് |
|---|---|
| 1 | ചാലയിൽ ഫിനാൻസിയേഴ്സ്,തുരുത്തി |
| 2 | ചങ്ങങ്കേരിൽ ബാങ്കേഴ്സ്,വാഴപ്പള്ളി |
| 3 | വിക്ടറി ഫിനാൻസ്&ചിറ്റ് ഫണ്ട്, വാഴപ്പള്ളി |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്താത്തതിന് കാരണം വ്യക്ത 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേക്കുറിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എൻക്വയറി (നം.4) നൽകിയ മറുപടി ലഭ്യമാക്കിയെങ്കിലും മേൽ സ്ഥാപനങ്ങളുടെ വിവരം സൂചിപ്പിച്ചിട്ടില്ല. ടേൺ ഓവറിന അടിസ്ഥാനത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാ

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8-1 ഡി & ഒ ലൈസൻസ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേ ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ എല്ലാ കച്ചവടസ്ഥാപനങ്ങളും ലൈസ എടുത്തിട്ടുണ്ടെന്നും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തുവാൻ കഴിയുന്ന 2015-16 സാമ്പത്തികവർഷം 254 സ്ഥാപനങ്ങൾ ലൈസൻസിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ 201 സാമ്പത്തികവർഷം 238 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. ആയത നിന്നും എല്ലാ സ്ഥാപനങ്ങളും എല്ലാ വർഷവും ഡി & ഒ ലൈസൻസിനായി പഞ്ചായത്ത് സമീപിക്കുന്നില്ലായെന്നും ഡി & ഒ ലൈസൻസില്ലാതെ 2016-17 സാമ്പത്തികവർഷം സ്ഥാപന പ്രവർത്തിച്ചിരുന്നതായും കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രവർത്തിക്കേ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതി അടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേ ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും, എ സ്ഥാപനങ്ങളും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമല്ലാതെയും, ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 255 പ്രകാരമ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8-2 ഡി & ഒ ലൈസൻസ്-സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറു വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്ത ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി ജീവനക്കാര തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖക

തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പാലത്ര ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലി. | IV/14 | 08 |
| 2 | ഇൻഡസ് മോട്ടോർ കമ്പനി പ്രൈ.ലി. | XIII/460B | 06 |
| 3 | ആംകോ റബ്ബർ ഇൻഡസ്ട്രീസ് | XIV/535 | 06 |
| 4 | തോംസൺ പ്ലാസ്റ്റ് | XII/458A | 06 |

മേൽപരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/1.7.2017) സ്ഥാപനങ്ങ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടാ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, ഡി & ഒ ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷ നടത്തി മറ്റു സ്ഥാപനങ്ങളിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടേയും തൊഴിൽനികുതി ഡിമാ ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കലും പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കലും - പാഴ്ച്ചെലവ്

2016-17 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ കെ.എസ്.ഇ.ബിയിൽ 15,81,590/- രൂപ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിലേയ്ക്ക് 14,59,500/- രൂപയും ഒടുക്കിയിട്ടു ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ലൊക്കേഷൻ, തരം എന്നിങ്ങനെയുള്ള പ്ര

വിവരങ്ങളൊന്നും ശേഖരിക്കുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മീറ്ററ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചിരുന്ന സാധാരണ ബൾബുകള എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി വൈദ്യുതി ഉപഭോഗം കണക്കാക്കിയുള്ള പഴയ താരിഫിന അടിസ്ഥാനത്തിലാണ് നിലവിലും കെ.എസ്.ഇ.ബി യിൽ നിന്നും വൈദ്യുതി ചാർജ് ഈടാക്കി വരു (ഫേസ്3, താരിഫ് 8 B, ശരാശരി വൈദ്യുതി ഉപഭോഗമായി കണക്കാക്കുന്നത്-28874 യൂണിറ്റ്). നിലവിൽ പോസ്റ്റിൽ പോലും സാധാരണ ബൾബുകൾ സ്ഥാപിച്ചിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്. ഓഡിറ്റ് വർ ആദ്യ മാസങ്ങളിൽ ശരാശരി 1.24 ലക്ഷം രൂപ വീതവും അവസാന മാസങ്ങളിൽ ശരാശരി 1.30 ല രൂപയുമാണ് ഈയിനത്തിൽ ഒടുക്കിയിട്ടുള്ളത്. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന അടിസ്ഥാനത്തിലല്ലാതെ ചാർജ് ഒടുക്കുന്നത് മൂലമുള്ള പാഴ്ച്ചലവ് ഒഴിവാക്കാൻ കർശന നട സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ആകെ 278 ടാപ്പുകൾ എന്ന് കണക്കാ പ്രതിവർഷം 5250/-രൂപ നിരക്കിൽ പ്രതിമാസ തവണകളായി 1.21 ലക്ഷം രൂപ വീതം വാട്ടർ അതോറിറ്റിയ ഒടുക്കി വരുന്നു. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തുലോം കുറവാണെന്നും ടാപ്പുകളിലും വെള്ളം ലഭിക്കുന്നില്ലെന്നും അധികൃതർ അറിയിച്ചു. ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ ഹാജ വാർഡ് അംഗങ്ങളും ഇതേ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. ഈ സാഹചര്യം നിലനിന്ന് പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ കൃത്യമായ എണ്ണം സംയുക്തപരിശോധനയില തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ടാപ്പുകളുടെ എണ്ണം 100 ആയി കുറയ്ക്ക സാധിച്ചാൽ പ്രതിവർഷം ലാഭിക്കാൻ കഴിയുന്ന തുക 9.34 ലക്ഷം രൂപയാണ്. ഇത്രയും തുക അ വിഭവസമാഹരണമായി ഈടാക്കുന്നതിന് തുല്യമാണിതെന്നതും താരതമ്യേന വരുമാന സ്രോതസ്സു കൂടിയ പഞ്ചായത്തിൽ വെള്ളക്കരം ഒടുക്കുന്നതിന് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് വേ സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് തുക പ്രത്യേക പ്രോജക്ട് പ്രകാരം വെള്ളക്കരം ഒടുക്കുന്ന വിനിയോഗിക്കുന്നതും ഉചിതമല്ല (തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക മെയിന്റനൻസ് ഗ്രാന്റ നിന്നും റീ ഇംപേഴ്സ് ചെയ്യുന്നു).

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലും പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തി ആവർത്തിക്കുന്ന പാഴ്ച്ചെലവ് ഇല്ലാതാക്കാൻ സത്വര നടപടി സ്വീകരിച്ച് പ്രസ്തുത ഇനത്തില അധികച്ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കേണ്ടി വരുന്ന സാഹച ഒഴിവാക്കേണ്ടതുമാണ്.

3-2 കോടതി വ്യവഹാരച്ചെലവുകൾ-വിശദാംശങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങളുടെ എണ്ണം വളരെ കൂടുതലായതിന വിവിധ റിട്ട് പെറ്റീഷനുകൾ പ്രതിരോധിക്കുന്നതിനും അപ്പീൽ നടപടികൾ സ്വീകരിക്കുന്നതിനും കേസു ഫയൽ ചെയ്യുന്നതിനുമായി വളരെയധികം തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.ഇ സംബന്ധമായ യാത്രകൾക്കായും ധാരാളം പ്രയത്നവും തുകയും വേണ്ടി വരുന്നു.ഗ്രാമപഞ്ചായത്ത് സിവിൽ സ്യൂട്ട് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തികച്ചും പരിതാപകരമാണ്. ഹാജരാക്കിയ രജിസ്റ്ററിൽ നിന്ന് ഓ കേസിന്റേയും കാലീക സ്ഥിതി,കേസുകൾ ഫയൽ ചെയ്യാനിടയായ സാഹചര്യം, ഇടക്കാല/അ വിധികളുടെ വിവരം, അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പഞ്ചായത്ത് ഫയൽ ചെ കേസുകളുടേയും പ്രതിരോധിക്കുന്ന കേസുകളുടേയും വിവരം, പഞ്ചായത്തിന് അനുകൂലമായാണേ പ്രതികൂലമായിട്ടാണോ വിധി ഉണ്ടായിട്ടുള്ളതെന്ന വിവരം തുടങ്ങിയൊന്നും ലഭ്യമാകുന്നില്ല. കൂടാ അതാത് കേസ് ഫയലുകളോ കോടതിയിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കാര്യവി പത്രികകളുടെ പകർപ്പോ കോടതിയിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പോ കൃത്യമായി സൂക്ഷിച്ചി ഇത് സംബന്ധമായ മുഴുവൻ ഇടപാടുകളും സെക്രട്ടറി നേരിട്ട് നടത്തുന്ന രീതിയാണ് അനുവർത്ത വരുന്നത്. ഓരോ കേസിലേയും നിയമ ഉപദേഷ്ടാക്കളേയും അഡ്വക്കേറ്റ്മാരേയും എപ്രകാരമ തീരുമാനിച്ചതെന്നും വ്യക്തമല്ല. ഇപ്രകാരം യാതൊരു സുതാര്യതയുമില്ലാതെ രേഖ സൂക്ഷിക്കുന്നതിനാൽ പഞ്ചായത്തിന്റെ പൊതു താൽപര്യം സംരക്ഷിക്കുന്നതിനുള്ള കേസുകൾക്ക് വേ മാത്രമാണോ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതെന്ന് വ്യക്തമാവുന്നില്ല. ശ്രീ ടോമി സി വാടയിൽ പ വ്യക്തി ഫയൽ ചെയ്തതും ടി വ്യക്തിക്കെതിരെ പഞ്ചായത്ത് ഫയൽ ചെയ്തതുമായ നിരവധി കേസു നിലനിൽക്കുന്നതായും ഇവയ്ക്ക് വേണ്ടി മാത്രം വളരെയധികം തുക ചെലവഴച്ചതായും കാണു പഞ്ചായത്തിന് വേണ്ടി കൂടുതൽ കേസുകളിലും ഹാജരായിട്ടുള്ള അഡ്വ.ഫിലിപ്പ് ജെ വെട്ടിക ലഭ്യമാക്കിയിട്ടുള്ള മിക്ക ബിൽ ക്ലെയിമുകളും 15000/-രൂപയുടേതാണ്.ഇതിൽ 10000/- രൂപ അഡ്വ ഇനത്തിലും 5000/-രൂപ കോടതിച്ചെലവിനത്തിലും ക്ലെയിം ചെയ്തിട്ടുള്ളതാണ്. എന്നാൽ കോടതിച്ചെലവു ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.മാത്രമല്ല സേവന നികുതി ഇനത്തിൽ ഈടാക്ക തുകയുടെ വിവരം സൂചിപ്പിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ ഇത്തരം അപാകതകൾ നിലനിൽക്ക താഴെപ്പറയുന്ന ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നം./ തീയതി | തുക-രൂ | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 51600223/27-6-16 | 15000/- | WP(c) No.6224/2016 സംബന്ധിച്ച് അഡ്വ.ഫിലിപ്പ് ജെ വെട്ടിക്കാട്ടിന് നൽകിയ തുക |
| 51600259/27-7-16 | 15000/- | WP(c)24130 സംബന്ധിച്ച് അഡ്വ.ഫിലിപ്പ് ജെ വെട്ടിക്കാട്ടിന് നൽകിയത് |
| 51600290/27-7-16 | 15000/- | WP(c) No.20270/16 സംബന്ധിച്ച് അഡ്വ.ഫിലിപ്പ് ജെ വെട്ടിക്കാട്ടിന് നൽകിയത്. |
| 51600291/27-7-16 | 10000/- | അപ്പീൽ നം.607/15 സംബന്ധിച്ച് അഡ്വ.ശ്രീ.സി രാജേന്ദ്രന് നൽകിയത് |
| ആകെ | 55000/- | |

## 3-3 റവന്യൂ റീഫണ്ട് ബിൽ തയ്യാറാക്കാതെ റവന്യൂ റീഫണ്ട് അനുവദിച്ചു-ക്രമവിരുദ്ധം

വസ്തുനികുതി സംബന്ധമായ ശരിയായ ഡിമാന്റിന്റെ അഭാവത്തിൽ ഒന്നിലേറെ ഗുണഭോക്താക്കള നിന്നും ഒരേ വർഷത്തേയ്ക്കുള്ള നികുതി ഒന്നിലേറെ തവണ വാങ്ങുകയും അപാകത ശ്രദ്ധയിൽപ്പെട്ടത് തുടർന്ന് തിരികെ നൽകുകയും ചെയ്യിട്ടുണ്ട്. ഉദാഹരണമായി വാർഡ് 7 ലെ 455A നമ്പർ കെട്ടിടത്തിന്റെ ശ്രീ കെ.ഒ. ജോസ് എന്ന വ്യക്തിയിൽ നിന്നും 2015-16 ലെ നികുതി 2 തവണ വാങ്ങുകയും ഇരട്ടിപ്പ വാങ്ങിയ 1077/-രൂപ വൗച്ചർ നം.51600378 തീ 26-8-16 പ്രകാരം തിരികെ നൽകുകയും ചെയ്യിട്ടുണ്ട്. കൂടാ വാർഡ് 13 ലെ 397-ാം നമ്പർ കെട്ടിടത്തിന്റെ ഉടമയായ ശ്രീ പയസ് ഫിലിപ്പ് എന്ന വ്യക്തിക്ക് 2016-17 നികുതി കുടിശ്ശിക മാത്രം ഉണ്ടായിരിക്കെ മുൻവർഷങ്ങളിലെ തുക കൂടി അധികമായി വാങ്ങുക നികുതിദായകന്റെ അപേക്ഷ പ്രകാരം ഡെപ്പോസിറ്റ് റീഫണ്ട് ബിൽ തയ്യാറാക്കി 5745/-രൂപ തിരി നൽകുകയും ചെയ്തു (വൗച്ചർ നം.51600634/5-12-16). എന്നാൽ റവന്യൂ ഇനത്തിൽ വരവ് വെച്ച തുക തിരി നൽകുന്നതിന് റവന്യൂറീഫണ്ട് ബിൽ തയ്യാറാക്കിയതായോ കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാ കാണുന്നില്ല. ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ റവന്യൂ റീഫണ്ട് അനുവദിക്കുന്ന പ്രവ ക്രമപ്രകാരമല്ല. മാത്രമല്ല ശരിയായ ഡിമാന്റിന്റെ അഭാവം മൂലം ഇപ്രകാരം അധികമായി നികുതി വാ തിരികെ നൽകുന്ന സാഹചര്യം കഴിയുന്നത്ര ഒഴിവാക്കേണ്ടതാണ്. അനിവാര്യമായ സാഹചര്യങ്ങ നികുതി അധികമായി വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ഭാവിയിൽ ഒടുക്കേണ്ട തുകയ ക്രമീകരിക്കണമെന്ന അക്കൗണ്ട് റൂളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

## 3-4 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല.

പഞ്ചായത്ത് സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചു കൊടുക്കുന്നു.

| പ്രോജക്ട് നം./ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ട് ലഭിച്ച ഏജൻസി | ലഭിച്ച തുക | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| പ്രോജക്ട് നം.so089/17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജില്ലാ പഞ്ചായത്ത് വിഹിതം | 211550 | 55250 | വാലിഡേഷനിലുള്ള പിഴവ് മൂലം ചെലവ് IKM പത്രികയിൽ ഉൾപ്പെട്ടിട്ടില്ല |
| പ്രോജക്ട് നം.139/17 ഉറവിട മാലിന്യ സംസ്കരണം | വി.ഇ.ഒ, വെരൂർ | ബ്ലോക്കു വിഹിതം | 300000 | | |

ടി തുക തനതുഫണ്ട് (ട്രഷറി അക്കൌണ്ട്) നം 708041400000005 ൽ നിക്ഷേപിച്ചിരിക്കുന്നു. ലഭിച്ച ഫ വിനിയോഗിക്കാത്തത് സംബന്ധിച്ച് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയില്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടുത്ത സാമ്പത്തിക വർഷം പ്രോ തയ്യാറാക്കി ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 പാറയിൽ അങ്കണവാടി നിർമ്മാണം ഫലപ്രാപ്തിയിലെത്തിയിട്ടില്ല

| പ്രോജക്ട് | പാറയിൽ അങ്കണവാടി നിർമ്മാണം |
|---|---|
| പ്രോജക്ട് നംപർ | 9/17 |
| അളവുപുസ്തകം | 93/16-17 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| കോൺട്രാക്ടർ | ടോമി ദേവസ്യ |
| അടങ്കൽ (ലോക ബാങ്ക് ധനസഹായം) | 1000000/- |
| ചെലവ് | 998852/- |

5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പാറയിൽ അങ്കണവാടി നിർമ്മാണത്തിനായി നിലവിൽ 998852/- ( ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി കെട്ടിടം പ്രവർത്തനക്ഷമമായിട്ടില്ല. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16. ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ട ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്ര ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നം 9/17 പ്രക 8-ാംനം പാറയിൽ അങ്കണവാടി നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് floor finishing, electrification, Plum എന്നിവ ഉൾപ്പെടുത്താതെ സ്ട്രക്ച്ചറിന് മാത്രമായാണ് തയ്യാറാക്കിയിരുന്നത്. ഇത് ശരിയായ നടപടി നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ലഭിക്കുകയോ ചെയ്തിട്ടില്ല. 17-18 ത കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായുള്ള പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിയേ്ക്കണ്ടതും കെട്ടിടനിർമ്മാ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-6 ഇ ടെഡർ- ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല

2016-17 വർഷം പഞ്ചായത്തിൽ മൂന്ന് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഇ ടെണ്ടർ സംബന്ധ സാമ്പത്തിക വിനിമയങ്ങൾക്കായി കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറ അക്കൗണ്ടിൽ ടിയിനത്തിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/പ്രോജക്ട് നമ്പർ | ടെണ്ടർഫീസ് | ഇ.എം.ഡി | ലഭിച്ച ടെൻഡറുകൾ (എണ്ണം) |
|---|---|---|---|
| 78 / 17 കാക്കിരിഞ്ഞി കറുകശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 1370 | 15700 | 3 |
| 133/17-വാഴപ്പള്ളി പഞ്ചായത്ത് ഓഫീസ് മെയിന്ററനൻസ് | 1470 | 17500 | 2 |
| 146/17 ആയുർവ്വേദാശുപത്രി നിർമ്മാണം | 2650 | 50000 | 4 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിറ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ക്ലയിം നൽകി ഈടാക്കി ഓഡിറ്റ അറിയിക്കേണ്ടതാണ്.

## 3-7 ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണികൾ -പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ആയുർവ്വേദാശുപത്രി മെയിന്ററനൻസ് |
| പ്രോജക്ട് നംപർ | 130/17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അളവുപുസ്തകം | 38/16-17 |

| | |
|---|---|
| കോൺട്രാക്ടർ | ആന്റോ ജോബ് |
| അടങ്കൽ | 480000/- |
| ചെലവ് | 319785/- |

ആയുർവ്വേദാശുപത്രി പുനരുദ്ധാരണത്തിനായി 59.49 ച.മീ. മേച്ചിൽ ഓടുകൾ ഉൾപ്പെടെയുള്ള സാധന പൊളിച്ചെടുക്കുകയും (1-ാം ഇനം) ആയതിനായി 6749/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടു ആയുർവ്വേദാശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന ഓട്, ജനൽ എന്നിവ ലേലം ചെയ്ത് തുക പഞ്ചായ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ഇടപാടുകളിൽ സുതാര്യത ഇല്ല

2016–17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബ ഉപകരണങ്ങളും വാങ്ങുന്നതിനായി (പ്രോജക്ട് നം.6/2017) 350000/- രൂപ വികസനഫണ്ട് വകയിരുത്തിയത തൻവർഷം 175000(ബിൽ നം.45/16-17/30.3.17)ചെലവഴിച്ചു. ഐ.എസ്.ഒ.സർട്ടിഫിക്കേഷന് ഓഫീസിലേ ആവശ്യമായ 4 കമ്പ്യൂട്ടർ, 2 പ്രിന്റർ, 1 ഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങുന്നതിനായി പ്രോജക്ട് തയ്യാറാ എന്നാൽ 15.3.16 ലെ കമ്മിറ്റിയുടെ തീരുമാന പ്രകാരം മേൽ ഉപകരണങ്ങളുടെ പ്രവൃത്തി ഒരു നിർവ്വഹിക്കുന്ന മൾട്ടി ഫംഗ്ഷൻ ഡിവൈസ് വാങ്ങുന്നതിന് തീരുമാനിച്ചു. ബിൽ പ്രകാരമുള്ള ര നൽകാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും ഉപകരണങ്ങൾ വാങ്ങി പഞ്ചായത്ത് കാര്യാലയത്ത സൂക്ഷിച്ചിട്ടുള്ളത് സംബന്ധിച്ച പരാമർശം 2015–16 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. അപാ സംബന്ധിച്ച് സാഹചര്യം നിലനിൽക്കെ ടി ഉപകരണം വാങ്ങിയതിന്റെ വിലയായ 175000/- രൂപ 201 വർഷം ആർ.ജെ.എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകി. ഇപ്രകാരം വാങ്ങിയ ഉപകരണം നിലവ ഉപയോഗിച്ച് വരുന്നുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെ

1. പഞ്ചായത്തിലെ അക്കൗണ്ടന്റ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പിൽ പ്രോജക്ട് പ്രകാരം സ്കാ വാങ്ങുന്നതിന് നിശ്ചയിച്ചിരുന്ന തുക 140000/- രൂപയാണ്. എന്നാൽ ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാ

181293/- രൂപയുടെ ബിൽ ഹാജരാക്കിയിട്ടുണ്ട്. ബിൽ തുകയായ 140000/- രൂപ അനുവദിക്കാവുന്നതാണ് എ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളിന്മേൽ മേൽ നിർദ്ദേശം ഒ തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഹാജരാക്കിയില്ല.

3. സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. XXI-ാം വാർഡു മെമ്പർ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച കത്തിൽ നിയമ വിരുദ്ധ ചട്ടവിരുദ്ധവുമായി സെക്രട്ടറി സ്ഥാനറിന്റെ ബിൽ നൽകിയതായി പറയുന്നു.കമ്മിറ്റിയുടെ അംഗീക ഇല്ലാതെയാണ് ബിൽ മാറിയതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ നടത്തിയ ആകസ്മിക പരിശോധനയിൽ കാണപ്പെട്ട അപാകതകൾ സംബന്ധിച്ച റിപ്പോർട്ടിന്മേൽ മറുപടി വിശദീകരണവും രേഖകളും ഹാജരാക്കി റിപ്പോർട്ട് തീർപ്പാക്കിയതായി കാണുന്നില്ല. പ്രസ്തുത റിപ്പോർട്ടിന കാലികസ്ഥിതി അറിയിക്കേണ്ടതാണ്.

5.ഫയലിൽ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടന്റിന്റെ കുറിപ്പുകളിലും വാർഡ് മെമ്പറിന്റെ 6.1.1 പരാതിയിലും ചൂണ്ടിക്കാണിച്ചിട്ടുള്ള ഗൗരവസ്വഭാവമുള്ള അപാകതകൾ എപ്രകാരമാണ് പരിഹരിച്ചതെ വ്യക്തമല്ല. അക്കൗണ്ടന്റ് ചൂണ്ടിക്കാണിച്ച ന്യൂനതകളിൻമേൽ സെക്രട്ടറി മേൽ നിർദ്ദേശം നൽകിയത കാണുന്നില്ല. മാത്രമല്ല സാധനം വാങ്ങലിനായി ആദ്യം ലഭിച്ച 28.3.16 ലെ 349-ാം നമ്പർ ഇൻവോയിസിൽ ആ 181293/- രൂപ വിലയുള്ള 6293 സ്പെഷ്യൽ ഡിസ്ക്കൗണ്ട് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതേ തീയതി നമ്പരിലുമുള്ള മറ്റൊരു ഇൻവോയിസിൽ ഡിസ്ക്കൗണ്ട് കാണിച്ചിട്ടില്ല. ഒരേ തീയതിയിലും നമ്പരിലും ര തരത്തിൽ ഇൻവോയ്സ് ലഭിച്ച സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (ന നിയമവിധേയമായിട്ടാണ് വാങ്ങൽ നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അക്കൗണ്ടന്റിന കുറിപ്പുകളിലും വാർഡ് മെമ്പറിന്റെ പരാതിയിലും ചൂണ്ടിക്കാണിച്ചിട്ടുള്ള ഗൗരവസ്വഭാവമ അപാകതകൾ എപ്രകാരമാണ് പരിഹരിച്ചതെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ക്രമക്കേടു സംബന്ധിച്ച് റിപ്പോർട്ടു ചെയ്തിരുന്നതിന്മേൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ വ്യക്തമല്ലാത്തതിനാലും ടിയിനത്തിൽ ചെലവഴിച്ച 1,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഫർണ്ണിച്ചർ വാങ്ങിയത് ഉപയോഗയോഗ്യമാക്കിയിട്ടില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ജാഗ്രതാ സമിതി ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി വകയിരുത്തിയ 25000(മെയി.ഫണ്ട്-റോഡിതരം) രൂപയിൽ 2 രൂപ ബിൽ നം.4/16-17/29.3.17 പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. തുക സിഡ്കോ, കോട്ടയത്തിന് നൽ വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| | | |
|---|---|---|
| സ്റ്റീൽ കാബിനറ്റ് | 1എണ്ണം | 9916 |
| സ്റ്റീൽ ടേബിൾ | 1എണ്ണം | 5466 |
| സ്റ്റീൽ ചെയർ | 1എണ്ണം | 2223 |
| പ്ലാസ്റ്റിക്ക് ചെയർ | 4എണ്ണം (1ന് 570) | 2280 |
| | ആകെ | 19885 |
| | വാറ്റ് (14.5%) | 2883.33 |

എന്നാൽ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ കൺവീനറായ ജാഗ്രതാ സമിതി പ്രവർത്തനം ഉള്ളത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. വാങ്ങിയ ഫർണ്ണിച്ചർ പഞ്ചായത്തിന്റെ ഷെഡിൽ സൂക്ഷിക്കുന്നതായി ഭൗ പരിശോധനയിൽ കാണപ്പെട്ടു. പ്രത്യേക ഉദ്ദേശത്തിനായി വാങ്ങിയ ഫർണ്ണിച്ചർ ഇപ്രകാരം അലക്ഷ്യമ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. അപാകതയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിന് നൽ എൻകയറിക്ക് ജാഗ്രതാ സമിതി മൂന്നു മാസത്തിലൊരിക്കൽ പ്രവർത്തിക്കുന്നുണ്ട് എന്ന മറുപടി ലഭ്യമാ എന്നാൽ വാങ്ങിയ ഫർണ്ണിച്ചർ ഇപ്രകാരം അലക്ഷ്യമായി സൂക്ഷിക്കുന്ന സാഹചര്യത്തിൽ ടിയിനത്ത ചെലവു ചെയ്ത 23000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം -109/16

അടങ്കൽ – 600000/-രൂപ

ചെലവ് – 100000/-രൂപ (ബിൽ നം.17 തീയതി- 28.03.2017)

2016-17 വർഷം അസിസ്റ്റൻറ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ചുവടെ ചേർക്ക
രണ്ട് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 50000/-രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | രാജമ്മ സോമൻ | 50000/- |
| 2 | രവീന്ദ്രൻ കെ.എ | 50000/- |

പഠനമുറിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓ
എൻക്വയറിയ്ക്ക് (നം.5) പഠനമുറി ഉടനെ പൂർത്തീകരിക്കുന്നതാണെന്ന മറുപടി നൽകി. പഠന
പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. പൂർത്തീകരണ വിവരങ്ങ
അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം.-എസ് 92/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

അടങ്കൽ -- 1200000-രൂപ (വികസനഫണ്ട് എസ്.സി.പി)

ചെലവ്- 330000/-രൂപ (ബിൽ.നം.6/16-17,തീ21.02.2017, 30000/-, 9/16-17, 28.2.17 90000/-, 16/16-17 , 16.03.17, 30000/- , 21/1
,23.3.17.90000/-,, 24/ 16-17 ,30.03.17, 90000/- ).

ഈ പ്രോജക്ട് പ്രകാരം ആകെ 4 ഗുണഭോക്താക്കൾക്ക് 300000/-രൂപ വീതം നൽകി വാസയോഗ്യമായ (
നിർമ്മിക്കുന്നതിന് ധനസഹായം നൽകുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇതിൽ തൻവർഷം (
ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | തങ്കച്ചൻ നാരായണൻ | 120000/-രൂപ (രണ്ട് തവണയായി നൽകിയത്) |
| 2 | ജിലു കെ.എസ് | 210000/-രൂപ (മൂന്ന് തവണയായി നൽകിയത്) |

ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനുള്ള മുഴുവൻ ഗഡുക്കളും നൽകിയിട്ടില്ലാത്തതിന വാസയോഗ്യമായ രീതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് വ്യക്തമാ ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓ എൻകചയറി (നം.40)യുടെ മറുപടിയിൽ ഭവനനിർമ്മാണം ഈ വർ പൂർത്തീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം ഓഡി അറിയിക്കേണ്ടതാണ്. ഭവവനിർമ്മാണ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 3,30,000/- രൂപയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല.

പ്രോജക്ട് നം. 073/17

അടങ്കൽ- 400000/-രൂപ (മെ.ഫണ്ട് -റോഡിതരം)

ചെലവ്- 400000/-രൂപ (ബിൽ നം.II /16-17 ,തീ.16.12.16, 200000/-രൂപ, ബിൽ നം.IV /16-17,തീ. 18.03.2017 , 200000/-രൂപ)

2016-17 വർഷം, ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം 400000/- ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് ഔഷധിക്ക് നൽകിയിട്ടു ഔഷധിയുമായുള്ള 29.12.2016 ലെ കരാർ പ്രകാരം അറുപത് ദിവസത്തിനകം മരുന്നുകൾ സ ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെ 271251/- രൂപയുടെ മരുന്നുകൾ മാത്രമ ലഭ്യമാക്കിയത്. 128749 /- രൂപയുടെ മരുന്നുകൾ വിതരണം ചെയ്യാത്തതിന് വിശദീകര ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകചയറിയുടെ (നം.6) മറുപടിയിൽ ബാക്കിയ

തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടു മരുന്നുകൾ വിതരണം ചെയ്യാത്തതിനാൽ 128749/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മരുന്നു വാങ്ങൽ -തുക നൽകി-മരുന്നു ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ (പ്രോജക്ട നം.121/16-17) എന്ന പ്രോജക്ടിനായി 50000രൂപ മെയിന്റനൻസ് ഫ (റോഡിതരം)വകയിരുത്തിയിരുന്നു. മരുന്ന് ലഭ്യമാക്കുന്നതിനായി തുക ബിൽ നം.32/16-17/28.2.17 പ്രകാ തുക പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ,ഹോംകോ എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ മരു ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ജൂലൈ മാസത്തിൽ മരുന്നു ലഭ്യമാകു സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകാത്തതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡി തടസ്സപ്പെടുത്തുന്നു.

## 3-14 സ്ഥല പരിശോധനാ വിവരം

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ 4.6.17 അസി.എൻജിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ പരിശോധിച്ചു

1.പാറയിൽ അങ്കണവാടി നിർമ്മാണം , വാർഡ് നം.-19

2.ആയുർവ്വേദാശുപത്രി മെയിന്റനൻസ്, വാർഡ് നം.6

3.പി.എച്ച്.സി.ബിൽഡിംഗ് പുനരുദ്ധാരണം , വാർഡ് നം.3

4.പ്ലാസിഡ് സ്ക്കൂൾ-മുള്ളൻകുഴി റോഡ് കോൺക്രീറ്റിംഗ് , വാർഡ് നം.18

5.വണ്ടാനം പഞ്ഞിപ്പഴ റോഡ് കോൺക്രീറ്റിംഗ് , വാർഡ് നം.5

സ്ഥലപരിശോധനയിൽ ക്രമനം.4-ൽ പരാമർശിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തി ഗുണമേൻമയുള്ളതായി കാണപ്പെട്ടു. നിർമ്മാണ പ്രവൃത്തികൾ പൊതുവെ തൃപ്തികരമ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ക്രമ നം.1-ൽ പരാമർശിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തി വിഭജിക്ക എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ച് വരുന്നതായും നാളിതുവരെ ഘടനാപരമായ നിർമ്മാണം മാത്രമ പൂർത്തീകരിച്ചിട്ടുള്ളതെന്നും കാണപ്പെട്ടു.

## 3-15 ആശ്രയ ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല.

പ്രോജക്ട് നം.-എസ് 115/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ --300000/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ്- 300000/-രൂപ (ബിൽ.നം.13/16-17,തീ.15.03.2017).

2016-17 വർഷം, ആശ്രയ പ്രോജക്ടിനായി വികസനഫണ്ട് വിഹിതം 300000/-രൂപ കുടുംബശ്രീയ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വനജ മോഹൻ, വാലുപറമ്പ് എന്ന ഗുണഭോക്താവിന ഭവനനിർമ്മാണത്തിനാണ് ഈ തുക നൽകിയിരിക്കുന്നത്. 2016-17 വർഷം 25000/- രൂപ ഈ ഗുണഭോക്താ നൽകിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ടത്തിലെ അറുപത് ഗുണഭോക്താക്കൾക്ക് നിലവ സേവനങ്ങളൊന്നും നൽകുന്നില്ല. നിലവിലുള്ള ഗുണഭോക്താക്കളെ സംബന്ധിച്ച അന്വേഷ പൂർത്തീകരിക്കാത്തതിനാലാണ് തുടർപദ്ധതി രൂപീകരിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറി (നം.16)യ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർപദ്ധതി രൂപീകരിച്ച് ഗുണഭോക്താക്കൾക്ക് സേവ ലഭ്യമാക്കേണ്ടതാണ്.

## 3-16 വിനിയോഗവിവരം/പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം, വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനയി മറ്റ് നിർവ്വഹണസ്ഥാപനങ്ങൾക്ക്/ എജൻസികൾക്ക് വാർഷികപദ്ധതിപ്രകാരം വകയിരുത്തിയിരുന്ന തുക കൈമാറി നൽകിയെങ്കിലും തുകയുടെ വിനിയോഗവിവരങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ സ്ഥാപനം | കൈമാറിയ തുക | ബിൽനമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 086/17-എസ്.എസ്.എ.വിഹിതം അടവാക്കൽ | സെക്രട്ടറി | ജില്ലാപ്രോജക്ട് ഓഫീസർ,എസ്.എസ്.എ, കോട്ടയം | 635376/ - | ഡിഡി നം.607431തീ.28.12. |
| 2 | 096/17-വിവിധ വാർഡുകളിൽ സ്ട്രീറ്റ്മയിൻ വലിക്കൽ | സെക്രട്ടറി | കെ.എസ്.ഇ.ബി | 163695/- | ചെക്ക് നം.2160066 തീ.19.12.16 |
| 3 | 174/17-വിവിധ വാർഡുകളിൽ സ്ട്രീറ്റ്മയിൻ വലിക്കൽ രണ്ടാംഘട്ടം | സെക്രട്ടറി | കെ.എസ്.ഇ.ബി | 1002075/- | ചെക്ക് നം.2160109 തീ.30.3.17 |
| 4 | 163/17 സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം | സെക്രട്ടറി | കേരളാസാമൂഹ്യ സുരക്ഷാമിഷന് | 200000/- | ബിൽ നം.35/16-17തീ. 15.3.17 |
| 5 | 97/16-17-ഐ.എ.വൈ വിഹിതം നൽകൽ | അസിസ്റ്റന്റ് സെക്രട്ടറി | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 400000/- | ബിൽ നം.13/16-17തീ. 15.3.17 |
| 6 | 110/17-പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി | വെറ്ററിനറി സർജൻ | അസി.ഡയറക്ടർ,കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം | 200000/- | ബിൽ നം.3/16-17തീ. 20.3.17 & ബിൽ നം.8/16-17തീ. 20.3.17 |

വിനിയോഗരേഖകളുടെ അഭാവത്തിൽ കൈമാറിയ ആകെത്തുകയായ 2601146/- രൂപയുടെ ചെ തടസ്സപ്പെടുത്തുന്നു. ചെലവുതുകയുടെ വിനിയോഗവിവരങ്ങളും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്ര ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 തെരുവു വിളക്കുകൾ സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല

പഞ്ചായത്തിലെ 21 വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി (പ്രോജക്റ്റ് നം.2/1 800000/- രൂപ വകയിരുത്തിയതിൽ 799603/- രൂപ ബിൽ നം.33/16-17/28.2.17 പ്രകാരം പിൻവ ചെലവഴിച്ചു.തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി തുക യുണൈറ്റഡ് ഇലക്ട്രിക്ക പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന് നൽകി. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചു കൊടുക്കുന്നു.

| | |
|---|---|
| 1x36WFTL സ്ട്രീറ്റ് ലൈറ്റ് | 463എണ്ണംx1508 .30= 698342.90 |
| VAT(14.5%) | 101259.72 |
| ആകെ | 799603 |

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് വാർഡുമെമ്പർമാരുടെ സാക്ഷ്യപ ലഭ്യമാക്കിയിട്ടില്ല.
2. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം .മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

3. സ്റ്റോക്കു രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.463 എണ്ണം വാങ്ങിയതായി മാത്രമ രേഖപ്പെടുത്തിയിട്ടുള്ളത്.ഏതൊക്കെ വാർഡുകളിൽ എത്രയെണ്ണം വീതം വിതരണം ചെയ്തു എ സംബന്ധിച്ച് യാതൊരു വിവരങ്ങളും ഇല്ല.

4. കരാർ പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്ത് വി വാർഡുകളിൽ സ്ഥാപിക്കുന്നതാണ്എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇൻസ്റ്റലേഷൻ സർട്ടിഫി ഹാജരാക്കിയിട്ടില്ല.

5. വാങ്ങിയ ട്യൂബുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പർ,സ്ഥലം എന്നിവ സൂചിപ്പിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. ഹാജരാക്കിയ തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ചേർത്തിട്ടില്ല.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റ തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ് എന്ന് സ.ഉ.നം.65529/ഡി.സി.3/12തസ്വഭവ 12.3.13 പ്രക നിഷ്ക്കർഷിച്ചിട്ടുണ്ട്.എന്നാൽ പഴയ നിരക്കിൽതന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത്.

മേൽ അപാകതയ്ക്ക വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറു ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് യാതൊരു രേഖക ഹാജരാക്കാത്ത സാഹചര്യത്തിൽ ടിയിനത്തിലെ ചെലവഴിച്ച 799603/- രൂപ ഓഡി തടസ്സപ്പെടുത്തുന്നു.

## 3-18 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ-നിർവ്വഹണത്തിൽ അപാകതകൾ

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 2016-17 സാമ്പത്തിക വർഷം നടപ്പാക്ക പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു .

| ക്രമ നം. | പ്രോജക്ട് നം/ പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് | ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| 1 | 104/16-17/ | 490000 | തനതുഫണ്ട് | 485100 | 026330/16.1.17 |

| | | | | | |
|---|---|---|---|---|---|
| | വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി | | | | |
| 2 | 212/16/(സ്പിൽ ഓവർ)20/16-17<br>സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസ് | 739460 | തനതുഫണ്ട് | 277565 | 026118/30.6.16 |

(വാലിഡേഷനിലെ പിഴവ്മൂലം മേൽ ചെലവ് വിവരങ്ങൾ ഐകെഎം പത്രികയിൽ ശരിയായ രീതിയി ഉൾപ്പെടുത്തിയിട്ടില്ല).

മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ ചുവടെക്കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ക്രമനം.1, 2 പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 2സ്ഥാപനങ്ങൾ ടെ സമർപ്പിച്ചിരുന്നു.കുറഞ്ഞ നിരക്കു ക്വോട്ടു ചെയ്ത എം.സി.മനോജ്, പവ്വർക്രാഫ്റ്റ് എന്ന സ്ഥാപനത്ത ടെണ്ടർ നൽകി. പ്രോജക്ട് നം.212/16/(സ്പിൽ ഓവർ)20/16-17പ്രകാരം പഞ്ചായത്തിലെ 2674 ട്യൂബ് സെറ്റു 1ന് 258 രൂപ നിരക്കിലും 2000 സി.എഫ്.എൽ 24.78 രൂപ പ്രകാരവും മാറ്റിയിടുന്നതിനാണ് പ്രോ തയ്യാറാക്കിയിരുന്നത്. ടെണ്ടർ ക്ഷണിക്കുമ്പോൾ 5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ഇ-ടെൻ ചെയ്യണമെന്നും 3 പത്രങ്ങളിൽ പരസ്യം ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
2. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.
3. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഹാജരാക്കിയിട്ടില്ല.
4. പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രോ നം.212/16 പ്രകാരം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതായി അസി.എൻജിനീയറുടെ സാക്ഷ്യപ ഹാജരാക്കിയിട്ടുണ്ട്.
5. വാർഡുകളിലെ തെരുവു വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് വാർഡു മെമ്പർമാരുടെ സാക്ഷ്യപ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ഥാപിച്ച പോസ്റ്ററുകളുടെ നമ്പർ, സ്ഥലം എന്നിവ സൂചിപ്പിച്ചി ആയതിനാൽ സാക്ഷ്യപത്രം ആധികാരികമാണെന്ന് പറയാൻ സാധിക്കില്ല.
6. സ്ഥാപനം ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻകയറിക്ക് (നം.33) അപാകത പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരി സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 762665 (485100+277565) രൂപ ഓഡി തടസ്സപ്പെടുത്തുന്നു.

## 3-19 തെരുവു വിളക്കുകൾ ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങൾ സുതാര്യമല്ല

തെരുവു വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി (പ്രോജക്ട് നം.105/16-17)490000 വകയിരുത്തിയതിൽ 489963 രൂപ ബിൽ നം.21/16-17/16.12.16 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. വാങ്ങ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാങ്ങിയ ഇനം | എണ്ണം | തുക | ആകെ (നികുതി ഉൾപ്പെടെ) |
|---|---|---|---|
| ട്യൂബ് ലൈറ്റ് 40w | 1565 | 34.93 | 62591.94 |
| ചോക്ക് | 840 | 113.54 | 109202.77 |
| സ്റ്റാർട്ടർ | 1578 | 8.73 | 15773.45 |
| സൈഡ് ഹോൾഡർ | 3150 | 8.73 | 31486.93 |
| സി.എഫ്.സി(23 wts) | 1260 | 185.71 | 245694.33 |
| അലൂമിനിയം വയർ(1.5mm) | 45 | 204.76 | 9674.91 |
| ഹോൾഡർ | 420 | 13.1 | 6299.79 |
| പി.വി.സി.ഷേഡ് | 420 | 20.95 | 9238.95 |

മേൽ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. കുറ നിരക്കു ക്വോട്ടു ചെയ്ത പവ്വർ ഇലക്ട്രിക്കൽസ് & ഇന്റീരിയർ ഡെക്കറേഷൻ എന്ന സ്ഥാപനത്തിന് ടെ നൽകാതെ ജോജോ.കെ.ജോസ്, കൊച്ചുപറമ്പിൽ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. പ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം മുൻവർഷം സപ്ലൈ ചെയ്ത സിംഗിൾ ട്യൂബ് സെറ്റു ഗുണമേൻമയില്ലാത്തവയാണെന്ന് വാർഡുകളിൽ നിന്നും പരാതി ലഭിച്ചതിനാലാണ് ഒവിവാക്കുന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (20.9.16 ലെ 1-ാം നം.തീരുമാനം). എന്ന ഗുണമേൻമയില്ലാത്ത സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുകയോ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുകയോ ചെയ്തിട്ടുണ്ടോ വ്യക്തമാക്കേണ്ടതാണ്. ഗുണമേന്മയിലുള്ള കുറവ് സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ടില്ല കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല.

2. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

3. സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തി നൽകേണ്ട സെക്യൂരിറ്റി നിക്ഷേപം സ്ഥാപനത്തിന്റെ ഉടമ പേരിൽ (ജോജോ.കെ.ജോസ്) എടുത്ത fixed deposit receipt ആയി ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു (Re of valuables ൽ ചേർത്തിട്ടില്ല).

4. പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

5. ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ടങ്കിലും 21 വാർഡുകൾ ഉള്ളതിൽ IX, XV, XVI, വാർഡുകളിൽ മാത്രം നൽകിയതായാണ് സ്റ്റോക്കു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ശേഷിക്ക വാർഡുകളിലെ മെമ്പർമാർ കൈപ്പറ്റിയതായി രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.12) മറു ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 489963/- രൂപ ഓഡി തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 28.01.2017 | 300000 | 89/16-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 01.02.2017 | 300000 | 137/16-17 ഉറവിട മാലിന്യ സംസ്കരണം | 0 | 300000 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 23.02.2017 | 363580 | 72/16-17 നെൽവിത്ത് സബ്സിഡി | 363580 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 31.03.2017 | 211550 | 89/16-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 55250 | 156300 |

തുകയുടെ നാളിതുവരെയുള്ള വിനിയോഗ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്ന മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോജക്ട് നം.96/16-17 | 163695 | ഇല്ല | 163695 | തുകയുടെ വിനിയോഗവിവരം, മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് |
| കെ എസ് ഇ ബി | പ്രോജക്ട് നം.174/16-17 | 1002075 | ഇല്ല | 1002075 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് ചീരഞ്ചിറ സർവ്വീസ് സഹകരണബാങ്കിൽ നിന്നും സമ്പൂ ഭവനപദ്ധതിക്കായി 5860000/-രൂപ വായ്പയെടുത്തു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേ വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കു

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി അനുവദിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാന തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി ചീരഞ്ചിറ എസ് സ് ബി | തദ്ദേശസ്വയംഭരണവകുപ്പ് ജോ.സെക്രട്ടറിയുടെ 2.2.15-ലെ 1292/ഡിബി1 തസ്വഭവ കത്ത്. 21000000/- രൂ. | 9520000/- | 5860000/- | 2100000/- | 1133893/- | 13280000/- |

4-5 സ്ഥിരനിക്ഷേപങ്ങൾ
ഈയിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

4-6 ഓഡിറ്റ് റിക്കവറി
ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
**ഇല്ല.**

4-8 ഓഡിറ്റ് പ്രത്യവലോകനം
**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92735670.99 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53937411 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5515126 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 55000 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-8 | 175000 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-9 | 23000 | ശ്രീമതി അനുബാല, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-10 | 100000 | ശ്രീമതി ലിറ്റി തോമസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 330000 | ശ്രീമതി ലിറ്റി തോമസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 128749 | ഡോ.ഷീജാ അഷറഫ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-13 | 50000 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-16(1,2,3,4) | 2001146 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-16 (5) | 400000 | ശ്രീമതി ലിറ്റി തോമസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-16 (6) | 200000 | ഡോ.റ്റെസി മാത്യു, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-17 | 799603 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-18 | 762665 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 3-19 | 489963 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| ആകെ | 5515126 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ -** ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഒാഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.4.98 – 30.6.98 (ജനകീയാസൂത്രണം) | ന.എൽ.എഫ്.കെ.പി.3/16.11.02/18.12.02 | |
| 2001-02 | നം.എൽ.എഫ്.കെ.പി.8/201/08/28.3.09/ 4.08.09 | |

| | | |
|---|---|---|
| 2002-03(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1025/04/16.4.05/ 17.9.05 | 20 |
| 2003-04(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1217/06/18.6.12 | 8 |
| 2004-05 | നം.എൽ.എഫ്.കെ.പി.3/580/12/19.6.12/20.6.12 | 14 |
| 2005-06 | നം.എൽ.എഫ്.കെ.പി.8/460/09/9.10.09/ 31.3.10 | 19 |
| 2006-07 | നം.എൽ.എഫ്.കെ.പി.8/797/10/11.5.12/2.6.12 | 27 |
| 2007-08 | നം.എൽ.എഫ്.കെ.പി.3/1015/2011/19.3.13/ 5.4.13 | 20 |
| 2008-09 | നം.എൽ.എഫ്.കെ.പി.3/1016/2011/14.12.12 | 14 |
| 2009-10 | നം.എൽ.എഫ്.കെ.പി.3/1017/11/14.12.12 | 25 |
| 2010-11& 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി3/233/13/ 23.6.16 | 8 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം.പി3-826/14/5.2.16 | 8 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി3/1607/2015 10.05.2016 | 21 |
| 2014-15 | കെ.എസ്സ്.എ.കെ.ടി.എം.പി3/972/201612/ 07/2016 | 26 |
| 2015-16 | കെ.എസ്സ്.എ.കെ.ടി.എം.പി3/1843/2016/17.12.16 | |

**ഡെപ്യൂട്ടി ഡയറ**
**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ട**

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി.10/1130/2017**

**കേരള സംസ്ഥാന ഓഡിറ്റ് വക**
**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ട**

**ഇ-മെയിൽ:** **doktm.ksad@kerala.g**
**ഫോൺ:0481256**
**തീയതി: 14.08.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ ഇരുനൂറ്റി പതിനഞ്ചാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങള ഒാഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിംഗ് സ്റ്റാന്റേർഡു അവലംബിച്ചും കോട്ടയം ജില്ലയിലെ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ വാർഷ ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എ അഭിപ്രായത്തിൽ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ** വാർഷിക ധനകാര്യപത്രിക വ ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറ**
**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ട**